

കേരള സർക്കാർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

കുറ്റിച്ചൽ ഗ്രാമപഞ്ചായത്ത്

ഓഡിറ്റ് റിപ്പോർട്ട്

2023-2024

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തിരുവനന്തപുരം.-695001

ഇ-മെയിൽ: lfadtvm@yahoo.in

ഫോൺ : 0471-2331231

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ.റ്റി.വി.എം./ജി.പി.9/1896/2024

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തിരുവനന്തപുരം.-695001
തീയ്യതി: 19/12/2024
ഇ-മെയിൽ: lfadtvm@yahoo.in
ഫോൺ: 0471-2331231

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
കുറ്റിച്ചൽ ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : കുറ്റിച്ചൽ ഗ്രാമപഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കുറ്റിച്ചൽ ഗ്രാമപഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) ജോയിന്റ് ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.റ്റി.വി.എം./ജി.പി.9/1896/2024 തീയ്യതി: 19/12/2024

തിരുവനന്തപുരം ജില്ലയിലെ കുറ്റിച്ചൽ ഗ്രാമപഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

തിരുവനന്തപുരം ജില്ലയിലെ കുറ്റിച്ചൽ ഗ്രാമപഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2023 മുതൽ 31-03-2024 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 23 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 16 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽന്മേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

പേര്	ഉദ്യോഗപ്പേര്	തീയതി (മുതൽ)	തീയതി (വരെ)
പ്രതാപ് കുമാർ .ആർ	ഡെപ്യൂട്ടി ഡയറക്ടർ	21-11-2024	29-11-2024

ഓഡിറ്റിന് വിനിയോഗിച്ച സമയം :

തീയതി (മുതൽ)	തീയതി (വരെ)
21-11-2024	29-11-2024

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീമതി സെലിൻ ആർ., ഓഡിറ്റ് ഓഫീസർ

ശ്രീ. അഭിജിത് ആർ., അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ

കുമാരി ദേവിക പി., ഓഡിറ്റർ

ശ്രീ. മഹേഷ് കെ.ബി., ഓഡിറ്റർ

(ബി)നിർവഹണാധികാരികൾ

പേര്	ഔദ്യോഗിക പദവി	തീയതി (മുതൽ)	തീയതി (വരെ)
ശ്രീ. ജി. മണികണ്ഠൻ	പ്രസിഡന്റ്	01-04-2023	31-03-2024
ശ്രീ. അനിൽകുമാർ ആർ. എസ്.	സെക്രട്ടറി	01-04-2023	31-03-2024

നിർവ്വഹണഉദ്യോഗസ്ഥർ

പേര്	ഉദ്യോഗപ്പേര്	തീയതി (മുതൽ)	തീയതി (വരെ)
ശ്രീമതി അമൃത രാജ് ആർ.	ഡയറി ഫാം ഇൻസ്ട്രക്ടർ	01-04-2023	06-10-2023
ശ്രീമതി അഞ്ജന ജെ എസ്	ഡയറി ഫാം ഇൻസ്ട്രക്ടർ	07-10-2023	31-03-2024

ശ്രീമതി ഗിരിജ കുമാരി	ഐ സി ഡി എസ് സൂപ്പർവൈസർ	01-04-2023	31-03-2024
ശ്രീ. അജേഷ് സത്യൻ	വി ഇ ഒ കോട്ടർ സർക്കിൾ	01-04-2023	06-09-2023
ശ്രീ. ഷിജു ഏലിയാസ്	വി ഇ ഒ കോട്ടർ സർക്കിൾ	07-09-2023	31-03-2024
ശ്രീ. മഹേഷ്	വി ഇ ഒ കുറ്റിച്ചൽ സർക്കിൾ	01-04-2023	11-07-2023
ശ്രീ. വിനി ജോസഫ്	വി ഇ ഒ കുറ്റിച്ചൽ സർക്കിൾ	12-07-2023	31-03-2024
ഡോ. മഞ്ജു മോഹൻദാസ് എസ്.	മെഡിക്കൽ ഓഫീസർ എഫ്.എച്ച്.സി	01-04-2023	31-03-2024
ശ്രീമതി സുലഭ എ.എൽ.	ഹെഡ് മിസ്ട്രസ്സ്	01-04-2023	31-03-2024
ഡോ.അർച്ചന എ	വെറ്ററിനറി സർജൻ	01-04-2023	31-03-2024
ശ്രീമതി രാഖി സി ആർ	കൃഷി ഓഫീസർ	01-04-2023	03-12-2023
ശ്രീ. ബാലചന്ദ്രൻ നായർ	കൃഷി ഓഫീസർ	04-12-2023	31-03-2024
ഡോ.ബെൻഷ പി ബഷീർ	മെഡിക്കൽ ഓഫീസർ ആയുർവേദം	01-04-2023	31-03-2024
ഡോ.ദീപ	മെഡിക്കൽ ഓഫീസർ ഹോമിയോ	01-04-2023	01-09-2023
ഡോ.മനോജ് പി എസ്	മെഡിക്കൽ ഓഫീസർ ഹോമിയോ	02-09-2023	31-03-2024
ശ്രീമതി ഗംഗ ജി.	അസിസ്റ്റന്റ് എഞ്ചിനീയർ	01-04-2023	10-05-2023
ശ്രീ. ഷൈൻ പി ആർ.	അസിസ്റ്റന്റ് എഞ്ചിനീയർ	11-05-2023	07-07-2023
ശ്രീ. വിപിൻ നാഥ് എസ്. എസ്.	അസിസ്റ്റന്റ് എഞ്ചിനീയർ	07-07-2023	31-03-2024

ഉള്ളടക്കം

ക്രമ നം	ഭാഗം 1	ഖണ്ഡിക നമ്പർ
1	ഓഡിറ്റ് സർട്ടിഫിക്കറ്റ്	1-1
2	വാർഷിക അനുപാതങ്ങൾ, അക്കൗണ്ട്സിന്മേലുള്ള കുറിപ്പുകൾ എന്നിവ വാർഷിക ധനകാര്യ പത്രികയ്ക്കൊപ്പം സമർപ്പിച്ചിട്ടില്ല	1-1-1
3	സ്റ്റോക്കുകളുടെ മൂല്യനിർണയം നടത്തി വാർഷിക ധനകാര്യ പത്രികയിൽ ഉൾപ്പെടുത്തുന്നില്ല	1-1-2
4	അക്രുവൽ ചെയ്യേണ്ട വരുമാനങ്ങളുടെ പ്രതിമാസ ജേണൽ എൻട്രി നടത്തിയിട്ടില്ല	1-1-3
5	വരവിനേക്കാൾ കൂടുതൽ ചെലവ് ബുക്ക് ചെയ്യ	1-1-4
6	തനത് ഫണ്ട് വരവ്-ചെലവ് കണക്കുകൾ ക്രമീകരിച്ചതിന്റെ ഷെഡ്യൂൾ വാർഷിക കണക്കുകളോടൊപ്പം ലഭ്യമാക്കിയിട്ടില്ല	1-1-5
7	വിവിധ ചെലവുകൾക്ക് ബാലൻസ് ഷീറ്റിൽ പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല	1-1-6
8	വസ്തു നികുതി തുകകൾ പൊരുത്തപ്പെടുന്നില്ല	1-1-7
9	വിവിധ ബാങ്ക് ബുക്കുകളിൽ ക്രെഡിറ്റ് ബാലൻസ്	1-1-8
10	ഡിപ്രീസിയേഷൻ കണക്കാക്കിയതിൽ അപാകം	1-1-9
11	MGNREGS വരവ്-ചെലവ് പൊരുത്തപ്പെടുന്നില്ല	1-1-10
12	Capital Work In Progress ഹെഡിൽ തുക ഉൾപ്പെടുത്തിയിട്ടില്ല	1-1-11
13	വാതിൽപ്പടി സേവനത്തിനുള്ള പ്രത്യേക ഉദ്ദേശ്യഗ്രാന്റ് - B4-ലേയും B17-ലേയും നീക്കിയിരിപ്പ് പൊരുത്തപ്പെടുന്നില്ല	1-1-12
14	അക്കൗണ്ട്സ് പരിശോധനയിൽ കണ്ട മറ്റ് നിരീക്ഷണങ്ങൾ	1-1-13
15	ബജറ്റ്	1-2
16	സാമ്പത്തിക വിശകലനം (റസീപ്റ്റ് & പെയ്മെന്റ് പ്രകാരം)	1-3
17	ഗ്രാന്റ് വിനിയോഗം - മറ്റ് അപാകങ്ങൾ	1-4-1
18	ഗ്രാന്റ് വിനിയോഗം (ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം)	1-4
19	പദ്ധതി അവലോകനം	1-5
20	ഗുണഭോക്താവിന്റെ മരണശേഷം വിതരണം ചെയ്ത സാമൂഹ്യ സുരക്ഷാ പെൻഷൻ തിരികെ ഈടാക്കേണ്ടതാണ്	1-6-1
21	ക്ഷേമ പദ്ധതികൾ	1-6
22	ക്യാഷ് ബാലൻസ് പരിശോധന	1-7
23	ആഭ്യന്തര നിയന്ത്രണം	1-8
24	തൊഴിലുറപ്പ് പദ്ധതി	1-9
25	മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം	1-10
26	വസ്തുനികുതി പരിഷ്കരണം - നടപടി ക്രമങ്ങൾ പൂർത്തിയായില്ല	1-11-1
27	മൊബൈൽ ടവറിന്റെ വസ്തു നികുതി കുടിശ്ശിക ഈടാക്കിയിട്ടില്ല	1-11-2
28	അനധികൃത കെട്ടിടങ്ങളുടെ വസ്തു നികുതിയിൽ കുടിശ്ശിക	1-11-3
29	പോസ്റ്റ് ഒക്യുപ്പൻസി ഓഡിറ്റ് നടത്തുന്നില്ല	1-11-4
30	വസ്തു നികുതി - അപാകങ്ങൾ	1-11
31	വളർത്തുനായകൾക്കും പന്നികൾക്കുമുള്ള ലൈസൻസ് - തുടർ നടപടി വിവരം ലഭ്യമാക്കേണ്ടതാണ്	1-12
32	റേഷൻ കടകൾ ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്നു	1-13-1
33	യന്ത്രങ്ങളുടെ കുതിരശക്തിയുടെ അടിസ്ഥാനത്തിലുള്ള മോട്ടോർഫീസ് ലൈസൻസ് ഫീസിനൊപ്പം ഈടാക്കിയിട്ടില്ല	1-13-2
34	FTE & OS ലൈസൻസ്	1-13
35	തൊഴിൽനികുതി സമ്പൂർണ്ണ ഡേറ്റാബേസ് തയ്യാറാക്കി സൂക്ഷിക്കേണ്ടതാണ്	1-14-1
36	റേഷൻ കടകളിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നില്ല	1-14-2
37	തൊഴിൽ നികുതി - വിവിധ അപാകങ്ങൾ	1-14

38	അങ്കണവാടികളുടെ ഭൗതിക സാഹചര്യം തൃപ്തികരമല്ല	1-15
39	തനത് വരുമാന വർദ്ധനവ് - സർക്കാർ നിർദ്ദേശം പാലിക്കേണ്ടതാണ്	1-16
40	വൃദ്ധസദന കെട്ടിട നിർമ്മാണം-കോൺക്രീറ്റ് കോളങ്ങൾ നിർമ്മിച്ചതിന്റെ വ്യാപ്തം സോളിഡ് ബ്ലോക്ക് മേസണറിയിൽ കുറവ് ചെയ്തതിന് വ്യക്തതയില്ല	1-17
41	Mixed Seal Surface By Mechanical Means എന്ന പ്രവൃത്തി റോഡ് നിർമ്മാണത്തിനായി ഉപയോഗപ്പെടുത്തുന്നില്ല	1-18
42	വൃദ്ധസദനം - കെട്ടിട നിർമ്മാണം പൂർത്തിയാക്കി പ്രവർത്തനസജ്ജമാക്കിയില്ല	1-19
43	ബയോ കമ്പോസ്റ്റ് ബിന്നുകൾ വിതരണം ചെയ്തില്ല	1-20
44	ആശ്രയ - അഗതിരഹിത കേരളം പദ്ധതി - ചെലവ് വിവരം ലഭ്യമാക്കിയില്ല 2,00,000/- രൂപ തടസ്സപ്പെടുത്തുന്നു	1-21
45	NREGS - മെറ്റീരിയൽ വർക്ക് - ഇ.എം.ഡി തുക ട്രാൻസ്ഫർ ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചില്ല	1-22
46	ലൈഫ് ഭവന പദ്ധതി (എസ്.റ്റി) - ക്രമവിരുദ്ധമായി അനുവദിച്ച തുക തിരികെ ഈടാക്കിയില്ല	1-23
47	ലൈഫ് ഭവന പദ്ധതി - ഭവന നിർമ്മാണം പൂർത്തിയാക്കിയില്ല	1-24
48	ഹരിതകർമ്മസേന മാലിന്യ സംസ്കരണം - പ്രവർത്തന അവലോകനം	1-25
49	ഹോമിയോ ആശുപത്രിക്ക് മരുന്നുവാങ്ങൽ പദ്ധതി - 1,78,096/- രൂപയുടെ മരുന്ന് ലഭ്യമായിട്ടില്ല - തുക തടസ്സപ്പെടുത്തുന്നു	1-26
ഭാഗം 2		
--- No Records Found ---		
ഭാഗം 3		
--- No Records Found ---		
ഭാഗം 4		
1	സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച തുകയുടെ വിവരങ്ങൾ	4-1
2	ഡെപ്പോസിറ്റ് പ്രവൃത്തികൾക്ക് നല്കിയ തുകയുടെ വിവരങ്ങൾ	4-2
3	മൊബിലൈസേഷൻ അഡ്വാൻസ്	4-3
4	വായ്പ/വായ്പ തിരിച്ചടവ് വിവരങ്ങൾ	4-4
5	സ്ഥിര നിക്ഷേപങ്ങളുടെ വിവരം	4-5
6	ഓഡിറ്റ് റിക്കവറി വിവരങ്ങൾ	4-6
7	സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിശദാംശം	4-7
8	ചാർജ്/സർചാർജ് നടപടികളുടെ വിവരം	4-8
9	ഓഡിറ്റ് പ്രത്യവലോകനം	4-9
10	തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ	4-10
അനുബന്ധം		
1	ഓഡിറ്റ് സാക്ഷ്യപത്രം	
2	ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം	

ഭാഗം –1
പൊതു അവലോകനം

1–1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

1. കറ്റിച്ചൽ ഗ്രാമപഞ്ചായത്തിന്റെ 2024 മാർച്ച് 31–ന് അവസാനിച്ച വർഷത്തെ റെസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട് എന്നിവയും 31/03/2024 തീയതി പ്രകാരമുള്ള ആസ്തി ബാധ്യത സ്റ്റേറ്റ്മെന്റും ഉൾപ്പെടുന്ന ധനകാര്യ പത്രികകളും പ്രസ്തുത ധനകാര്യ പത്രികകൾക്ക് അനുബന്ധമായി ഉൾപ്പെടുത്തിയിട്ടുള്ള ഫോറങ്ങളും ഭരണസമിതിയുടെ 19.06.2024 തീയതിയിലെ 2(1)–ാം നമ്പർ തീരുമാനം പ്രകാരം അംഗീകരിച്ച് 22.06.2024 തീയതിയിൽ എയിംസിലൂടെ സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത വാർഷിക ധനകാര്യ പത്രികകളും, അനുബന്ധ ഫോറങ്ങളും ഇവ വെളിപ്പെടുത്തുന്ന സാമ്പത്തിക നിലയും 1994ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 215(4), 2011ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് ബാധകമായ ഓഡിറ്റ് മാന്വൽ അദ്ധ്യായം 4.2.1, 11.3 എന്നിവയിലെ വ്യവസ്ഥകൾ പ്രകാരവും കേന്ദ്ര/സംസ്ഥാന സർക്കാർ മാർഗ്ഗ നിർദ്ദേശങ്ങൾ, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിങ്ങ് ഏജൻസികൾ എന്നിവ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങൾ എന്നിവ പാലിച്ചും ഞാൻ ഓഡിറ്റിന് വിധേയമാക്കിയിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപന മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

2. സി. & എ. ജി. ഓഫ് ഇന്ത്യ പുറപ്പെടുവിച്ചിട്ടുള്ള ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ, പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിന് വേണ്ടിയുള്ള മാർഗ്ഗനിർദ്ദേശങ്ങൾ എന്നിവ അനുസരിച്ചാണ് വാർഷിക ധനകാര്യ പത്രികകളിന്മേൽ ഞാൻ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയത്. വാർഷിക ധനകാര്യപത്രികകൾ വസ്തുതാപരമായ തെറ്റുകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. വാർഷിക ധനകാര്യപത്രികകൾ വെളിപ്പെടുത്തുന്ന തുകകളെ പിന്തുണയ്ക്കുന്ന തെളിവുകളുടെ പരിശോധന ഓഡിറ്റിൽ ഉൾപ്പെടുന്നു. കൂടാതെ പഞ്ചായത്ത് രാജ് സ്ഥാപനം പാലിച്ചിട്ടുള്ള അക്കൗണ്ടിങ്ങ് തത്വങ്ങളും തയ്യാറാക്കപ്പെട്ട സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് റിപ്പോർട്ട് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

3. എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും വിശ്വസനീയമായ വിവരങ്ങളുടെയും സ്ഥാപനം ലഭ്യമാക്കിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

വിശേഷണങ്ങളോട് കൂടിയ അഭിപ്രായം

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ അതിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, **കറ്റിച്ചൽ** ഗ്രാമപഞ്ചായത്തിന്റെ 2023–24 വർഷത്തേയ്ക്കുള്ള വാർഷിക ധനകാര്യപത്രികകൾ 31.03.2024ൽ അവസാനിച്ച സാമ്പത്തിക വർഷത്തെ സാമ്പത്തിക ഇടപാടുകളുടെയും 31.03.2024ലെ സാമ്പത്തിക നിലയുടെയും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

1–1–1 വാർഷിക അനുപാതങ്ങൾ, അക്കൗണ്ട്സിന്മേലുള്ള കുറിപ്പുകൾ എന്നിവ വാർഷിക ധനകാര്യ പത്രികയ്ക്കൊപ്പം സമർപ്പിച്ചിട്ടില്ല

2011ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട്സ് ചട്ടങ്ങൾ, ചട്ടം 62–2(ഇ) പ്രകാരമുള്ള അക്കൗണ്ടിന്മേലുള്ള കുറിപ്പുകൾ, ചട്ടം 62–2 (എഫ്) പ്രകാരമുള്ള വാർഷിക അനുപാതങ്ങൾ എന്നിവ തയ്യാറാക്കി വാർഷിക ധനകാര്യ പത്രികയ്ക്കൊപ്പം സമർപ്പിച്ചിട്ടില്ല. തുടർ വർഷങ്ങളിൽ വാർഷിക അനുപാതങ്ങൾ, അക്കൗണ്ട്സിന്മേലുള്ള കുറിപ്പുകൾ എന്നിവ വാർഷിക ധനകാര്യ പത്രികയ്ക്കൊപ്പം തയ്യാറാക്കി സമർപ്പിക്കുന്നതാണെന്ന് മറുപടി (നം.16/തീ.26.11.2024) ലഭ്യമാക്കിയിട്ടുണ്ട്. തുടർ വർഷങ്ങളിൽ അക്കൗണ്ട്സ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ രേഖകളും വാർഷിക ധനകാര്യ പത്രികയോടൊപ്പം സമർപ്പിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

1–1–2 സ്റ്റോക്കുകളുടെ മൂല്യനിർണയം നടത്തി വാർഷിക ധനകാര്യ പത്രികയിൽ ഉൾപ്പെടുത്തുന്നില്ല

കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ 58 (4)(എ) പ്രകാരം സ്റ്റോക്കിന്റെ ഭൗതിക പരിശോധനയും പൊരുത്തപ്പെടുത്തലും ഓരോ വർഷാന്ത്യത്തിലും നടത്തണമെന്നുണ്ട്. എന്നാൽ 2023–24 വർഷാന്ത്യത്തിൽ ഗ്രാമപഞ്ചായത്തിലെ സ്റ്റോക്ക് മൂല്യനിർണയം നടത്തി വാർഷിക ധനകാര്യ പത്രിക ബാലൻസ് ഷീറ്റ് B–14 ഷെഡ്യൂൾ Stock In Hand (Inventories)–ൽ ഉൾപ്പെടുത്തിയിട്ടില്ല. ബാലൻസ് ഷീറ്റ് പ്രകാരം സ്റ്റോക്ക് മൂല്യം 0 ആണ്. സ്റ്റോക്ക് മൂല്യനിർണയം നടത്തുന്നത് സംബന്ധിച്ച് മാർഗ്ഗനിർദ്ദേശങ്ങളോ പരിശീലനമോ ലഭിക്കാത്തതിനാലാണ് സ്റ്റോക്ക് മൂല്യനിർണയം നടത്താത്തതെന്നാണ് അറിയിച്ചത് (ഓഡിറ്റ് എൻക്വയറി നം.16/തീ.26.11.2024). സ്റ്റോക്ക് മൂല്യനിർണയം നടത്തി വിവരം ഉൾപ്പെടുത്തി വാർഷിക ധനകാര്യപത്രിക തയ്യാറാക്കേണ്ടതാണ്.

1–1–3 അക്രുവൽ ചെയ്യേണ്ട വരുമാനങ്ങളുടെ പ്രതിമാസ ജേണൽ എൻട്രി നടത്തിയിട്ടില്ല

കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ, ചട്ടം 17(2) പ്രകാരം ഗ്രാമപഞ്ചായത്തിന്റെ അക്രൂവൽ ചെയ്യേണ്ട വരുമാനങ്ങളുടെ ഓരോ ഇനങ്ങളുടെയും പ്രതിമാസ ഡിമാന്റ്, ജേണൽ എൻട്രി മുഖേന രേഖപ്പെടുത്തേണ്ടതാണ്. എന്നാൽ വിവിധ വരവുകളുടെ ലെഡ്ജർ പരിശോധിച്ചതിൽ, ഗ്രാമപഞ്ചായത്തിൽ 2023–24 സാമ്പത്തിക വർഷാവസാനം മാത്രമാണ് ഡിമാന്റ് എൻട്രി രേഖപ്പെടുത്തിയിട്ടുള്ളത്. ഉദാഹരണം ചുവടെ ചേർക്കുന്നു.

ഹെഡ്	ഇനം	ഡിമാന്റ് രേഖപ്പെടുത്തിയ തീയതി
110100101	Property Tax On Residential Building	31.03.2024
110100102	Property Tax On Non Residential Building	
110200101	Profession Tax Institution	
110200105	Profession Tax Traders	

തുടർ വർഷങ്ങളിൽ അക്രൂവൽ ചെയ്യേണ്ട വരുമാനങ്ങളുടെ ഓരോ ഇനങ്ങളുടെയും പ്രതിമാസ ഡിമാന്റ്, ജേണൽ എൻട്രി മുഖേന രേഖപ്പെടുത്താൻ ശ്രദ്ധിക്കുന്നതാണെന്ന് ഓഡിറ്റ് എൻക്വയറി (നം. 16/തീ.26.11.2024) മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

1–1–4 വരവിനേക്കാൾ കൂടുതൽ ചെലവ് ബുക്ക് ചെയ്തു

Income & Expenditure സ്റ്റേറ്റ്മെന്റ് പരിശോധിച്ചതിൽ തൻവർഷത്തെ ആകെ വരവ് 15,78,76,803/– രൂപയും ആകെ ചെലവ് 16,40,22,462/– രൂപയുമാണ്. Gross Surplus/(Deficit) Of Income Over Expenditure Before Prior Period Items തുക (–Ve) 61,45,659/– രൂപ ആണ്. വരവിനേക്കാൾ കൂടുതൽ ചെലവ് ബുക്ക് ചെയ്തതായി കാണുന്നു. ഡിപ്രീസിയേഷൻ തുക Income & Expenditure സ്റ്റേറ്റ്മെന്റിൽ വന്നതിനാലാണ് വരവിനേക്കാൾ കൂടുതൽ ചെലവ് ബുക്ക് ചെയ്തതായി കാണുന്നതെന്ന് മറുപടി (നം.16/തീ.26.11.2024) ലഭ്യമാക്കിയിട്ടുണ്ട്.

വരും വർഷങ്ങളിൽ വരവിനേക്കാൾ ചെലവ് സംഭവിക്കുന്ന സാഹചര്യം ഒഴിവാക്കുന്നതിനായി തനത് വരുമാനം വർദ്ധിപ്പിക്കുന്നതിനുള്ള സാധ്യതകൾ തേടേണ്ടതാണ്.

1-1-5 തനത് ഫണ്ട് വരവ്-ചെലവ് കണക്കുകൾ ക്രമീകരിച്ചതിന്റെ ഷെഡ്യൂൾ വാർഷിക കണക്കുകളോടൊപ്പം ലഭ്യമാക്കിയിട്ടില്ല

310900101 ഹെഡിലെ Excess Of Income Over Expenditure നിർണയിച്ച ബി-1 ഷെഡ്യൂൾ വാർഷിക കണക്കുകളോടൊപ്പം ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ പ്രസ്തുത ഹെഡിലെ മുന്നിരിപ്പ്, നീക്കിയിരിപ്പ് തുകകളുടെ കൃത്യത പരിശോധിക്കാൻ സാധിച്ചിട്ടില്ല. ബി-1 ഷെഡ്യൂൾ ലോക്കൽ സാംഖ്യയിലെ റിപ്പോർട്ടിൽ മാത്രമാണ് ഉണ്ടായിരുന്നതെന്നും നിലവിൽ ILGMS റിപ്പോർട്ടിൽ നിന്ന് ലഭ്യമല്ലായെന്നും അറിയിച്ച ഓഡിറ്റ് എൻകയറി (നം.16/തീ.26.11.2024). ഐ.കെ.എം.-മായി ബന്ധപ്പെട്ട് അപാകം പരിഹരിക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

1-1-6 വിവിധ ചെലവുകൾക്ക് ബാലൻസ് ഷീറ്റിൽ പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല

2023-24 സാമ്പത്തിക വർഷത്തിനുള്ളിൽ പൂർത്തീകരിക്കാത്ത ചെലവുകൾക്ക് ബാലൻസ് ഷീറ്റ് ബി-9 ഷെഡ്യൂളിൽ പ്രൊവിഷൻ ഉൾപ്പെടുത്തിയിട്ടില്ല (ഉദാ:- ഇന്ധന ചെലവ്, ജനപ്രതിനിധികൾക്കുള്ള ഓണറേറിയം). ഈ ചെലവുകൾക്ക് പ്രൊവിഷൻ രേഖപ്പെടുത്തുന്നതിന് നിലവിൽ ILGMS-ൽ സൗകര്യമില്ലയെന്നാണ് മറുപടി നൽകിയത് ഓഡിറ്റ് എൻകയറി (നം.16/തീ.26.11.2024). ഐ.കെ.എം.-മായി ബന്ധപ്പെട്ട് അപാകം പരിഹരിക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

1-1-7 വസ്തു നികുതി തുകകൾ പൊരുത്തപ്പെടുന്നില്ല

Property Tax On Residential Building, Non Residential എന്നിവയുടെ വാർഷിക ധനകാര്യ പത്രികയിലെ ഡിമാന്റ്, കളക്ഷൻ, ബാലൻസ് തുകകളും സഞ്ചയ സോഫ്റ്റ് വെയർ വിവരങ്ങളും പൊരുത്തപ്പെടുന്നില്ല. ഉദാഹരണം ചുവടെ-

ഇനം	ഡിമാന്റ് (രൂ.)		കളക്ഷൻ (രൂ.) (2023-24 വർഷത്തെ)		ബാലൻസ് (രൂ.) (ലൈബ്രറി സെസ് ഉൾപ്പെടെ)	
	വാർഷിക ധനകാര്യ പത്രിക	സഞ്ചയ	വാർഷിക ധനകാര്യ പത്രിക	സഞ്ചയ	വാർഷിക ധനകാര്യ പത്രിക	സഞ്ചയ
Property Tax On Residential Building -Current	1490296	1436877	1235246	1236339	193070	210338
Property Tax On Non Residential Building - Current	1650982	1650982	1267386	1265775	395850	404539

പൊതുജനങ്ങൾ ഓൺലൈനായി ഒടുക്കുന്ന നികുതി സഞ്ചയ സോഫ്റ്റ്വെയറിൽ അപ്പോൾ തന്നെ പോസ്റ്റിംഗ് വരുന്നെങ്കിലും പേയ്മെന്റ് ഗേറ്റ്വേ വഴി ഐ.കെ.എം.-ന്റെ ബാങ്കിൽ വരുന്ന തുക പഞ്ചായത്തുകൾക്ക് ലഭ്യമാകുന്നതിന് കാലതാമസം എടുക്കുന്നതിനാലാണ് ഈ വ്യത്യാസം വരുന്നതെന്നാണ് ഓഡിറ്റ് എൻകയറി (നം.16/തീ.26.11.2024)ന് മറുപടി നൽകിയത്.

1-1-8 വിവിധ ബാങ്ക് ബുക്കുകളിൽ ക്രെഡിറ്റ് ബാലൻസ്

വിവിധ ബാങ്ക് ബുക്കുകളിൽ വിവിധ കാലയളവിൽ ക്രെഡിറ്റ് ബാലൻസ് തുകകൾ രേഖപ്പെടുത്തിയിട്ടുണ്ട്. ഉദാഹരണമായി ഹെഡ് കോഡ് 450210101 - Union Bank Of India (403002010000743) അക്കൗണ്ടിലെ ബാങ്ക് ബുക്ക് പ്രകാരം 07.11.2023 മുതൽ 21.11.2023 വരെയും ഹെഡ് കോഡ് 450210101 - UNION BANK (403002010029832) അക്കൗണ്ടിലെ ബാങ്ക് ബുക്ക് പ്രകാരം 19.07.2023 മുതൽ 16.11.2023 വരെയും നീക്കിയിരിപ്പ് നെഗറ്റീവ് ആണ് (ക്രെഡിറ്റ് ബാലൻസ്). ബാങ്കുകളിൽ നിന്ന് റീകൺസിലിയേഷൻ സ്റ്റേറ്റ്മെന്റ് ലഭ്യമാക്കി അക്കൗണ്ടിൽ തുക ക്രെഡിറ്റായത് കണ്ടെത്തുമ്പോൾ ILGMS-ൽ രസീത് രേഖപ്പെടുത്തുന്നതിന് ഫയൽ ആരംഭിച്ച് ഡിമാന്റ് ചെയ്ത് രസീത് രേഖപ്പെടുത്തുന്നതിനാലാണ് ചെറിയ കാലയളവിൽ നീക്കിയിരിപ്പ് നെഗറ്റീവായി കാണിക്കുന്നതെന്നാണ് ഓഡിറ്റ് എൻകയറി (നം.16/തീ.26.11.2024)ന് മറുപടി നൽകിയത്.

1-1-9 ഡിപ്രീസിയേഷൻ കണക്കാക്കിയതിൽ അപാകം

വിവിധ ഹെഡുകളിൽ ആസ്തിയേക്കാൾ കൂടുതൽ ഡിപ്രീസിയേഷൻ രേഖപ്പെടുത്തിയിട്ടുണ്ട്. ഉദാഹരണം ബാലൻസ് ഷീറ്റ് B-11 ഷെഡ്യൂളിൽ ഹെഡ് കോഡ് - 410800101 Other Fixed Assets എന്ന ഇനത്തിലെ ആസ്തി തുക 50,829/- രൂപ മാത്രമാണ്. എന്നാൽ ബാലൻസ് ഷീറ്റ് B-11(A) ഷെഡ്യൂളിൽ പ്രസ്തുത ഹെഡിന്റെ (ഹെഡ് കോഡ് 416100110 - Accumulated Depreciation Other Fixed Assets) നാളിതുവരെയുള്ള ഡിപ്രീസിയേഷൻ തുക 8,75,232/- ആണ്. Other Construction എന്നതിന്റെ ഡിപ്രീസിയേഷൻ കൂടെ Other Fixed Assets-ൽ ഉൾപ്പെടുത്തിയതിനാലാണ് തുക കൂടുതൽ കാണിക്കുന്നതെന്നാണ് മറുപടി നൽകിയത് ഓഡിറ്റ് എൻകയറി (നം.16/തീ.26.11.2024). Other Construction എന്നത് Fixed Assets ഹെഡിൽ ഉൾപ്പെടാതിരുന്നതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

1-1-10 MGNREGS വരവ്-ചെലവ് പൊരുത്തപ്പെടുന്നില്ല

MGNREGS Fund-ന് മൂന്ന് ബാങ്ക് അക്കൗണ്ടുകൾ നിലവിലുണ്ട്. Union Bank Of India A/C 403002010029880 അഡ്മിൻ ഫണ്ട് ലഭിക്കുന്നതിനുള്ള വെണ്ടർ അക്കൗണ്ടാണ്.

എ) Union Bank Of India A/C 403002010014563 മുഖേന ഗുണഭോക്താക്കൾക്ക് തുക കൈമാറുന്നുണ്ട്. 05.10.2024ന് പ്രസ്തുത അക്കൌണ്ടിൽ 621.48 രൂപ നീക്കിയിരിപ്പുണ്ട്. സാങ്കേതിക തകരാർ കാരണം ഗുണഭോക്താക്കൾക്ക് PFMS ഐ.ഡി. ജനറേറ്റ് ചെയ്യാൻ സാധിക്കാതിരുന്നതിനാലാണ് ടി അക്കൗണ്ടിലേക്ക് തുക ലഭ്യമാക്കി ഭരണ സമിതി തീരുമാനപ്രകാരം ഗുണഭോക്താക്കൾക്ക് തുക കൈമാറിയിട്ടുള്ളത് എന്നാണ് ഓഡിറ്റ് എൻകയറി (നം.16/തീ.26.11.2024)ന് മറുപടി നൽകിയത്. സാങ്കേതിക തകരാർ പരിഹരിക്കപ്പെട്ടിട്ടുണ്ടെങ്കിൽ ഭരണസമിതിയിൽ അവതരിപ്പിച്ച് പ്രസ്തുത അക്കൗണ്ട് ക്ലോസ് ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

ബി) സ്റ്റാറ്റ്യൂട്ടറി ഡിഡക്ഷനുകൾക്കായി തുടങ്ങിയ Holding Accountന്റെ (State Bank Of India A/C 41626182665) Reconciliation Statement പ്രകാരം നീക്കിയിരിപ്പ് **0** ആണ്. എന്നാൽ പ്രസ്തുത അക്കൗണ്ട് വാർഷിക ധനകാര്യ പത്രികയിൽ ഉൾപ്പെട്ടിട്ടില്ല. ഇതുവരെ പ്രസ്തുത അക്കൗണ്ടിൽ ഒരു തുകയും ലഭ്യമായിട്ടില്ലാത്തതിനാൽ ILGMS-ൽ രസീത് രേഖപ്പെടുത്തേണ്ടി വന്നിട്ടില്ലാത്തതിനാലാണ് വാർഷിക ധനകാര്യ പത്രികയിൽ ഉൾപ്പെടാത്തതെന്നാണ് മറുപടി നൽകിയത്.

സി) MGNREGS വരവ് ചെലവ് തുകകൾ പൊരുത്തപ്പെടുന്നില്ല

	AFS	Cash Book (A/C 403002010029880)	Cash Book (403002010014563)
Admin മുന്നിരിപ്പ്	2165	2165	60155

Admin വരവ്	1788157 (RP30) 1788163 (Trial Balance)	1655282	132874
Admin ചെലവ്	1839273 (I-14f) 1780339 (Trial Balance)	1657447	183039
Admin നീക്കിയിരിപ്പ്	9989 (B4)	0	9989
EFMS വരവ്	55383203 (I-14c)		
ആകെ റവന്യൂ ചെലവ്	57222476 (I-14 F+I-14c)		
ആകെ റവന്യൂ വരവ്	57162333 (I-6)		

A/C 403002010014563 മുഖേന ഗുണഭോക്താക്കൾക്ക് കൈമാറിയ തുക വാർഷിക ധനകാര്യപത്രികയിൽ Admin വരവ്-ചെലവ്-നീക്കിയിരിപ്പ് ഹെഡുകളിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

1-1-11 Capital Work In Progress ഹെഡിൽ തുക ഉൾപ്പെടുത്തിയിട്ടില്ല

എ) 2023-24ലെ ചുവടെ പറയുന്ന പാർട്ട് ബില്ലുകളുടെ വിവരം 412010101 Capital Work In Progress ഹെഡിൽ ഉൾപ്പടുത്തിയിട്ടില്ല.

പ്രോജക്ട് നം./പ്രവൃത്തി	പാർട്ട് ബിൽ തുക
132/24 അരുകിൽ അംഗൻവാടി നിർമ്മാണം	രൂ.141431/-
142/24 ആമല സാംസ്കാരിക നിലയത്തിൽ കിണർ നിർമ്മാണം	രൂ.17886/-
130/24 ചോനാംപാറ കൈതോട് പാലം നിർമ്മാണം ടി. എസ്. പി. വാർഡ്-7	രൂ.552827/-
99/24 തേരാണി തോട് ബണ്ട് നിർമ്മാണം	രൂ.2050302/- (ഇതിൽ രൂ.1943610/- രൂപ മാത്രം Capital Work In Progress ഹെഡിൽ ഉൾപ്പെടുത്തിയിരിക്കുന്നു)

2024-25ലെ വാർഷിക ധനകാര്യ പത്രിക തയ്യാറാക്കുമ്പോൾ ആസ്തി നിർമ്മാണവുമായി ബന്ധപ്പെട്ട എല്ലാ പാർട്ട് ബില്ലിലേയും തുകകൾ ഉൾപ്പെടുത്തി ഹെഡ് ക്രമീകരിക്കുന്നതാണെന്ന് മറുപടി നൽകി. ഹെഡ് ക്രമീകരിച്ച് വിവരം അറിയിക്കേണ്ടതാണ്.
ബി) 412010101 Capital Work In Progress ഹെഡിൽ മുന്നിരിപ്പുള്ള 6,14,490/- രൂപയുടെ വിശദാംശം എൽ.എസ്.ജി.ഡി. അസിസ്റ്റന്റ് എഞ്ചിനീയറിൽ നിന്ന് റിപ്പോർട്ട് ലഭ്യമാക്കി അറിയിക്കുന്നതാണെന്ന് മറുപടി (ഓഡിറ്റ് എൻകയറി നം.16/തീ.26.11.2024) നൽകിയിട്ടുണ്ട്. വിശദാംശം അറിയിക്കേണ്ടതാണ്.

1-1-12 വാതിൽപ്പടി സേവനത്തിനുള്ള പ്രത്യേക ഉദ്ദേശ്യഗ്രാന്റ് - B4-ലേയും B17-ലേയും നീക്കിയിരിപ്പ് പൊരുത്തപ്പെടുന്നില്ല

പ്രത്യേക ഉദ്ദേശ്യങ്ങൾക്കായി ലഭിച്ച Grants/Contributions തുകകൾ 2023-24 സാമ്പത്തിക വർഷം ചെലവഴിച്ചിട്ടില്ല. വിശദാംശം ചുവടെ ചേർക്കുന്നു.

ഹെഡ് കോഡ്	ഇനം	2022-23 B-4 ഷെഡ്യൂൾ പ്രകാരമുള്ള തുക (രൂ.)	2023-24 ലെ വരവ് (രൂ.)	2023-24 B-4 ഷെഡ്യൂൾ പ്രകാരമുള്ള നീക്കിയിരിപ്പ് തുക (രൂ.)
320200399	Grants, Funds & Contributions For Specific Purposes - Other Than Development Fund And State Sponsored Scheme Funds - Other Purposes	6,602	1,570	8,172

വാതിൽപ്പടി പദ്ധതിക്കായി ആരംഭിച്ചിട്ടുള്ള യൂണിയൻ ബാങ്കിലെ അക്കൗണ്ടിൽ നിക്ഷേപിച്ചിട്ടുള്ള തുകയാണിതെന്നാണ് മറുപടി നൽകിയത്. എന്നാൽ B-17 പ്രകാരം പ്രസ്തുത അക്കൗണ്ടിലെ (A/C 403002010029824) നീക്കിയിരിപ്പ് 6,786/- രൂപയാണ്. വ്യത്യാസം പൊരുത്തപ്പെടുത്തി അറിയിക്കേണ്ടതും തുക ചെലവഴിക്കാത്തതിന് വിശദീകരണം ലഭ്യമാക്കേണ്ടതുമാണ്.

1-1-13 അക്കൗണ്ട്സ് പരിശോധനയിൽ കണ്ട മറ്റ് നിരീക്ഷണങ്ങൾ

1) മുൻകൂർ തുകകൾ ക്രമീകരിച്ചില്ല
ബാലൻസ് ഷീറ്റ് ബി-18 ഷെഡ്യൂൾ പ്രകാരം 2022-23 സാമ്പത്തിക വർഷം അഡ്വാൻസ് നൽകിയതിൽ ക്രമീകരിക്കാൻ അവശേഷിച്ച ചുവടെ ചേർക്കുന്ന തുകകൾ തൻവർഷവും ക്രമീകരിച്ചിട്ടില്ല (ഓഡിറ്റ് എൻകയറി നം.16/തീ.26.11.2024)

ഹെഡ്കോഡ് - ഇനം	തുക	ലഭ്യമാക്കിയ മറുപടി	റിമാർക്സ്
460100103 Temporary Advance For Official Purposes	71600	പ്രേരക് മാർക്ക് തനത്ഫണ്ടിൽ നിന്നും ഓണറേറിയം അനുവദിച്ച ടി തുക ലഭ്യമാക്കുന്നതിന് സാക്ഷരത മിഷന് കത്ത് നൽകിയിട്ടുണ്ട്	തുക ലഭ്യമാകുന്ന മുറയ്ക്ക് രേഖകൾ സഹിതം അറിയിക്കേണ്ടതാണ്
460500201 Advance To Implementing Agencies - Deposit With Kerala Water Authority	1,629,072	വിനിയോഗ സാക്ഷ്യപത്രം ലഭ്യമാകുന്ന മുറയ്ക്ക് കുറവ് ചെയ്യുവരുന്നു	തുക ക്രമീകരിച്ച് വിനിയോഗ സാക്ഷ്യപത്രങ്ങൾ സഹിതം വിവരം അറിയിക്കേണ്ടതാണ്
460500202 Advance To Implementing	1,258,909		

Agencies – Deposit With Kerala Electricity Board			
460500204 Advance To Implementing Agencies – Deposit With Ground Water Department	390,473		
460500205 Advance To Implementing Agencies – Deposit With Public Works Department	1,003,000		
460500499 Advance To Other Accredited Agencies	349,980		
460500501 Advance To Implementing Officers	150,000	മറുപടി ലഭ്യമാക്കിയിട്ടില്ല	മറുപടി ലഭ്യമാക്കേണ്ടതും തുക ക്രമീകരിക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതുമാണ്

2) മുന്നിരിപ്പ് ഉൾപ്പെടെയുള്ള തുകകൾ ഒട്ടുക്ക് വരുത്തി ക്രമീകരിച്ചില്ല

2022-23, 2023-24 വർഷത്തെ ബാലൻസ് ഷീറ്റിൽ ഉൾപ്പെട്ട താഴെപ്പറയുന്ന തുകകൾ ബന്ധപ്പെട്ട ഏജൻസികൾക്ക് നൽകി ക്രമീകരികരിച്ചിട്ടില്ല (ഓഡിറ്റ് എൻകയറി നം.16/തീ.26.11.2024).

ഹെഡ്കോഡ് – ഇനം	തുക (രൂ.)
350200299 Recoveries Payable – Other Deductions	5,513
350300103 Government And Other Dues Payable – Value Added Tax	86,222
350300199 Government And Other Dues Payable – Others	700
350300112 Government And Other Dues Payable –Value Of Court Fee Stamp	2,170

350200299,350300199 ഹെഡുകളിലെ തുക മുൻവർഷത്തെ ബാലൻസ് ഷീറ്റിലും ഉൾപ്പെട്ടതാണെന്ന് മാത്രമാണ് മറുപടി നൽകിയത്. ടി തുകകൾ ഏത് ഇനങ്ങളിൽ ഉൾപ്പെടുന്നുവെന്ന് കണ്ടെത്തി ബന്ധപ്പെട്ട ഏജൻസികൾക്ക് കൈമാറി രേഖകൾ സഹിതം അറിയിക്കേണ്ടതാണ്. 350300103 ഹെഡിൽ ഉൾപ്പെടുന്നത് VAT നിലവിലുണ്ടായിരുന്ന കാലത്ത് സ്വീകരിച്ച തുകയാണ് എന്നാണ് മറുപടി നൽകിയത്. വിവരം ജി. എസ്. ടി. വകുപ്പിനെ അറിയിച്ച് വകുപ്പിന്റെ നിർദേശാനുസരണം തുക സർക്കാരിലേക്ക് ഒടുക്കേണ്ടതാണ്. Court Fee Stamp ഇനത്തിൽ ഓട്ടോമാറ്റിക്കായി ക്രെഡിറ്റാവുന്ന തുക അടവാക്കുന്നതിന് സർക്കാരിൽ നിന്ന് നിർദേശം ലഭിച്ചിട്ടില്ലെന്ന് മറുപടി നൽകി. വകുപ്പിനെ അറിയിച്ച് തുക സർക്കാരിലേക്ക് ഒടുക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

1-2 ബജറ്റ്

ഗ്രാമ പഞ്ചായത്തിന്റെ 2023-24 വർഷത്തെ ബജറ്റ്, പുതുക്കിയ ബജറ്റ് എന്നിവ സംബന്ധിച്ച വിവരം താഴെ ചേർക്കുന്നു

	ബജറ്റ്	പുതുക്കിയ ബജറ്റ്
അംഗീകരിച്ച തീയതി	22.03.2023	22.01.2024
ഭരണസമിതി തീരുമാനം	1/1	3(1)
മുന്നിരിപ്പ്	(രൂ.)1716980	(രൂ.)1566993
പ്രതീക്ഷിത വരവ്	(രൂ.)251331000	(രൂ.)242841000
ആകെ	(രൂ.)253047980	(രൂ.)244407993
പ്രതീക്ഷിത ചെലവ്	(രൂ.)251300000	(രൂ.)242938000
നീക്കിയിരിപ്പ്	(രൂ.)1747980	(രൂ.)1469993

ബജറ്റ് അപാകങ്ങൾ

(ഓഡിറ്റ് എൻകയറി നം. 9/തീ.25.11.2024).

ഗ്രാമപഞ്ചായത്തുകളുടെ ബജറ്റ് തയ്യാറാക്കുന്നത് സംബന്ധിച്ച ഫിനാൻസ് മാനേജ്മെന്റ് മാന്വൽ [ജി.ഒ(ആർ.റ്റി) നം. 3291/16/ എൽ.എസ്.ജി.ഡി തീയതി 02.12.2016] ഖണ്ഡിക 3.1(ii) പ്രകാരം വാർഷിക ബജറ്റുമായി ബന്ധപ്പെട്ട് പ്രധാന രേഖകളായ ബജറ്റ് പ്രസംഗം, ബജറ്റ് കുറിപ്പുകൾ, പെർഫോമൻസ് ബജറ്റ്, ജെന്റർ ബജറ്റ് എന്നിവ തയ്യാറാക്കണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ ഗ്രാമപഞ്ചായത്തിൽ ബജറ്റ് ഫയലിൽ പ്രസ്തുത രേഖകൾ ഉൾപ്പെടുത്തിയിട്ടില്ല. ബജറ്റ് പ്രസംഗം തയ്യാറാക്കിയിട്ടുണ്ടെന്നും ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയിൽ ബജറ്റ് സംബന്ധിച്ച് വിശദമായ ചർച്ചകൾ നടത്തിയിട്ടുണ്ടെന്നും തുടർ വർഷങ്ങളിൽ പെർഫോമൻസ് ബജറ്റ് തയ്യാറാക്കി സൂക്ഷിക്കുന്നതാണെന്നും മറുപടി ലഭ്യമാക്കി. തുടർ വർഷങ്ങളിൽ ബജറ്റ് മാന്വൽ പ്രകാരമുള്ള നടപടികൾ പാലിക്കുന്നതിന് ശ്രദ്ധിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്

1-3 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പെയ്മെന്റ് പ്രകാരം)

മുന്നിരിപ്പ്	രൂ.18030441
ഓഡിറ്റ് വർഷത്തെ വരവ്	രൂ.52344615
ആകെ	രൂ.70375056
ഓഡിറ്റ് വർഷത്തെ ആകെ ചെലവ്	രൂ.53814092
നീക്കിയിരിപ്പ്	രൂ.16560964

1-4-1 ഗ്രാന്റ് വിനിയോഗം – മറ്റ് അപാകങ്ങൾ

1) ഗ്രാമപഞ്ചായത്തിൽ 2023-24 സാമ്പത്തിക വർഷം മേഖല അടിസ്ഥാനത്തിൽ പദ്ധതി മാർഗ്ഗരേഖ പ്രകാരമുള്ള തുക വകയിരുത്തിയിട്ടുണ്ടെങ്കിലും ഭാഗികമായി മാത്രമാണ് ചെലവഴിച്ചിട്ടുള്ളത്. മേഖല അടിസ്ഥാനത്തിലുള്ള ചെലവ് വിവരം ചുവടെ

ചേർക്കുന്നു.

മേഖല	വിഭാഗം	അടങ്കൽ (രൂ.) (മറ്റുള്ളവ ഒഴികെ)	ചെലവ് (രൂ.) (മറ്റുള്ളവ ഒഴികെ)	ചെലവ് %
ഉല്പാദനം	പൊതുവിഭാഗം	8366900	5206862	62.23
	പട്ടികവർഗ്ഗ വിഭാഗം	240000	240000	100
സേവനം	പൊതുവിഭാഗം	85219450	27519099	32.29
	പട്ടിക ജാതി വിഭാഗം	9328881	2884327	30.91
	പട്ടികവർഗ്ഗ വിഭാഗം	7211597 1	9123198	12.65
പശ്ചാത്തലം	പൊതുവിഭാഗം	16188520	6783670	41.90
	പട്ടികവർഗ്ഗ വിഭാഗം	817510	552827	67.62

2) സ.ഉ(കൈ)നം.84/2022/തസ്വഭവ., തീയതി 19.04.2022 ഖണ്ഡിക 5.4.1.9 പ്രകാരം ഗ്രാമപഞ്ചായത്തുകൾ പൊതു വിഭാഗം വികസന ഫണ്ടിലെ സാധാരണ വിഹിതം, എസ്.സി.പി, ടി.എസ്.പി. എന്നിവ കൂട്ടിയ തുകയുടെ കുറഞ്ഞത് പത്ത് ശതമാനം വനിത ഘടക പദ്ധതിയ്ക്ക് വകയിരുത്തണ്ടേതാണ്. മേൽ ഉത്തരവ് ഖണ്ഡിക 5.4.1.10 പ്രകാരം ഗ്രാമപഞ്ചായത്തുകൾ പൊതു വിഭാഗം വികസന ഫണ്ടിലെ സാധാരണ വിഹിതം, എസ്.സി.എസ്.പി, ടി.എസ്.പി എന്നിവ കൂട്ടിയ തുകയുടെ 5 ശതമാനം കുട്ടികൾ, ഭിന്നശേഷിയുള്ളവർ, ട്രാൻസ്ജെന്റേഴ്സ് എന്നിവരുടെ ക്ഷേമത്തിനും വികസനത്തിനും വേണ്ടിയും കുറഞ്ഞത് 5% തുക വയോജനങ്ങളുടെ ക്ഷേമത്തിനും പാലിയേറ്റീവ് കെയർ പ്രകാരമുള്ള പരിചരണത്തിനും വകയിരുത്തണം. പ്രസ്തുത വിഭാഗങ്ങൾക്ക് വകയിരുത്തിയ തുക പൂർണ്ണമായും ചെലവഴിച്ചതായി കാണുന്നില്ല. വിശദാംശം ചുവടെ ചേർക്കുന്നു.

വിഭാഗം	അടങ്കൽ തുക (രൂ.) (മറ്റുള്ളവ ഒഴികെ)	ചെലവഴിച്ച തുക (രൂ.) (മറ്റുള്ളവ ഒഴികെ)	ചെലവ് ശതമാനം (%)
വനിത ഘടക പദ്ധതി	2981700	2029556	68.06
കുട്ടികൾ	2099736	1039206	49.49
വൃദ്ധർ	1838437	634688	34.52
ഭിന്നശേഷിയുള്ളവർ	200000	138500	69.25

ധനകാര്യവകുപ്പിന്റെ 29.07.2023ലെ GO(Rt)5637/23/ധന. നമ്പർ ഉത്തരവ് പ്രകാരം അനുവദിച്ചിട്ടുള്ള തുക പൂർണമായും ചെലവഴിച്ചിട്ടുണ്ടെന്നും 22.03.2024ലെ GO(Rt)2858/23/ധന. നമ്പർ ഉത്തരവ് പ്രകാരം അനുവദിച്ച തുകയ്ക്ക് 27.03.2024ന് ട്രഷറിയിൽ എല്ലാ നിർവ്വഹണ ഉദ്യോഗസ്ഥരും ബിൽ നൽകിയെങ്കിലും വികസനഫണ്ടിനത്തിൽ 59 ലക്ഷം രൂപയുടെ ബില്ലുകൾ കൃ ബില്ലാവുകയും ആയത് 2024-25 വാർഷിക പദ്ധതിയിൽ ചെലവഴിച്ചിട്ടുണ്ടെന്നും ഓഡിറ്റ് എൻക്വയറി (നം.14/തീ.25.11.2024)ന് മറുപടി നൽകി.
3) സംയുക്ത പ്രോജക്ടുകൾക്ക് ബ്ലോക്ക്/ജില്ലാ പഞ്ചായത്തിൽ നിന്നും മുൻവർഷങ്ങളിൽ ലഭിച്ച ചുവടെ ചേർക്കുന്ന തുക 2023-24 വർഷത്തിൽ ചെലവഴിക്കുകയോ തിരികെ ഒടുക്കുകയോ ചെയ്തിട്ടില്ല.

കോഡ്	ഇനം	തുക (രൂ.)
320700204	Contributions For Joint Venture Projects (For Revenue Expenditure) – From Block Panchayats	1,670,746
320700205	Contributions For Joint Venture Projects (For Revenue Expenditure) – From District Panchayats	257,617
320700304	Contributions For Other Specific Purposes(For Capital Expenditure) – From Block Panchayats	300,000

2019-20 സാമ്പത്തിക വർഷം വരെ ബ്ലോക്ക്/ജില്ലാ പഞ്ചായത്ത് വിഹിതം ലഭ്യമായ ട്രഷറിയിൽ 79901400002921 നമ്പർ ജോയിന്റ് വെഞ്ചർ അക്കൗണ്ടിലെ 5,43,258/- രൂപ റിഡംപ്ഷൻ തുകയായി സർക്കാർ തിരികെ എടുത്തിട്ടുണ്ടെന്നും തിരികെ ലഭ്യമാകില്ലയെന്ന് സർക്കാരിൽ നിന്ന് നിർദ്ദേശങ്ങൾ ഒന്നുമില്ലാത്തതിനാലാണ് ജേണൽ ചെയ്ത് തുക കുറവ് ചെയ്യാത്തതെന്നും അറിയിച്ചു. സർക്കാരിൽ നിന്നും വിവരം ലഭ്യമാകുന്ന മുറയ്ക്ക് തുടർ നടപടികൾ സ്വീകരിച്ച് വിവരം അറിയിക്കേണ്ടതും ബാക്കി തുകയുടെ വിശദാംശം ലഭ്യമാക്കേണ്ടതുമാണ്.

4) 320100999 Other Liabilities ഹെഡിൽ 2022-23 സാമ്പത്തിക വർഷം നീക്കിയിരിപ്പായി അവശേഷിച്ച 3,300/-രൂപ 2023-24ലും അവശേഷിക്കുന്നു. പെൻഷൻ തുക ഡ്യൂപ്ലിക്കേഷൻ തിരികെ ഒടുക്കിയത് ഇപ്രകാരം രേഖപ്പെടുത്തിയതാണെന്നും ആയത് അടിയന്തിരമായി സർക്കാരിലേക്ക് തിരികെ ഒടുക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. തുക ഒടുക്ക് വരുത്തി രേഖകൾ സഹിതം അറിയിക്കേണ്ടതാണ്.

5) 320800101 Beneficiary Contribution ഇനത്തിൽ 3,25,691/- രൂപ ചെലവഴിക്കാതെ അവശേഷിക്കുന്നു. ഇതിൽ 2,53,253/-രൂപ ജലജീവൻ മിഷന് അടവാക്കാനുള്ള തുകയാണെന്നും അറിയിപ്പ് ലഭിക്കാത്തതിനാലാണ് തുക അടവാക്കാത്തതെന്നും മറുപടി ലഭ്യമാക്കി. 72,000/- രൂപ വെറ്ററിനറി സർജൻ നിർവ്വഹണ ഉദ്യോഗസ്ഥനായ പദ്ധതിയിലെ ഗുണഭോക്തൃ വിഹിതമാണെന്നും സാംഖ്യ ബിൽ ജനറേറ്റ് ചെയ്ത് നൽകാത്തതിനാലാണ് തുക ബാലൻസായി അവശേഷിക്കുന്നതെന്നും അറിയിച്ചു. Beneficiary Contribution ഇനത്തിലെ തുക ക്രമീകരിച്ച് വിവരം അറിയിക്കേണ്ടതാണ്.

1-4 ഗ്രാന്റ് വിനിയോഗം (ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം)

ഗ്രാന്റ്	മുന്നിരിപ്പ് (രൂ.)	വരവ് (രൂ.)	ആകെ (രൂ.)	ചെലവ് (രൂ.)	നീക്കിയിരിപ്പ് (രൂ.)
വികസനഫണ്ട് (ജനറൽ)	0	16680853	16680853	15841572	839281
വികസനഫണ്ട് (എസ്.സി.പി)	0	3770119	3770119	2712295	1057824
വികസനഫണ്ട് (ടി.എസ്.പി)	0	1340347	1340347	2939198	-1598851
ധനകാര്യകമ്മീഷൻ ഗ്രാന്റ് (CFC-Tied)	0	2508500	2508500	4823181	-2314681
ധനകാര്യകമ്മീഷൻ ഗ്രാന്റ് (CFC-Untied)	0	3344000	3344000	2537938	806062
മെയിന്റനൻസ് ഗ്രാന്റ് - റോഡിതരം	0	4575400	4575400	4386045	189355
മെയിന്റനൻസ് ഗ്രാന്റ് - റോഡ്	0	3526650	3526650	2223681	1302969
കേന്ദ്രാവിഷ്കൃത ഫണ്ട്	0	0	0	1486618	-1486618
സംസ്ഥാനാവിഷ്കൃത ഫണ്ട്	0	0	0	8150388	-8150388

i) ഗ്രാന്റ് സ്റ്റേറ്റ്മെന്റിൽ, വികസനഫണ്ട് (ജനറൽ), വികസനഫണ്ട് (എസ്.സി.പി), വികസനഫണ്ട് (ടി.എസ്.പി) എന്നീ ഫണ്ടുകളുടെ Receipt ഭാഗത്ത് Source Deduction കൂടാതെയുള്ള തുകകളും Expenditure ഭാഗത്ത് Source Deduction ഉൾപ്പെടെയുള്ള തുകകളുമാണ് കാണപ്പെടുന്നത്. ആയതിനാൽ ഗ്രാന്റ് സ്റ്റേറ്റ്മെന്റിൽ പ്രസ്തുത ഫണ്ടുകളിൽ വരവിനേക്കാൾ കൂടുതൽ ചെലവും നീക്കിയിരിപ്പായി നെഗറ്റീവ് തുകകളും കാണപ്പെടാറുണ്ട്.
ii) ധനകാര്യ കമ്മീഷൻ ഗ്രാന്റ് (സി.എഫ്.സി. Tied &Untied) മുന്നിരിപ്പ് തുക ഉൾപ്പെടെയാണ് തൻവർഷം ചെലവഴിച്ചിട്ടുള്ളത്. എന്നാൽ ഗ്രാന്റ് സ്റ്റേറ്റ്മെന്റിൽ മുന്നിരിപ്പ് തുക ഉൾപ്പെട്ടിട്ടില്ല. ആയതിനാൽ പ്രസ്തുത ഗ്രാന്റുകൾക്ക് നീക്കിയിരിപ്പായി നെഗറ്റീവ് തുകകൾ കാണപ്പെടുന്നുണ്ട്.
iii) കേന്ദ്രാവിഷ്കൃത ഫണ്ടുകളുടെയും (സി.എസ്.എസ്), സംസ്ഥാനവിഷ്കൃത ഫണ്ടുകളുടെയും (എസ്.എസ്.എസ്) മുന്നിരിപ്പ്, വരവ് തുകകൾ വാർഷിക ധനകാര്യ പത്രികയിൽ ഉൾപ്പെടുന്നുണ്ടെങ്കിലും ഗ്രാന്റ് സ്റ്റേറ്റ്മെന്റിൽ പ്രസ്തുത ഫണ്ടുകളുടെ മുന്നിരിപ്പ്, വരവ്, തുകകൾ ഉൾപ്പെടാതെ ചെലവ് തുകകൾ മാത്രമാണ് രേഖപ്പെടുത്തിയിട്ടുള്ളത്. ആയതിനാൽ നീക്കിയിരിപ്പ് തുക നെഗറ്റീവ് തുകയായി കാണപ്പെടുന്നു.
iv) വെബ്സാംഖ്യ മുഖേന ലഭ്യമാകുന്ന അപ്രോപ്രിയേഷൻ കൺടോൾ രജിസ്റ്ററിൽ, നിർവഹണ ഉദ്യോഗസ്ഥർ ബിൽ ജനറേറ്റ് ചെയ്യുമ്പോൾ തന്നെ ചെലവ് രേഖപ്പെടുത്തുന്നതിനാൽ ആയതിൽ ക്യൂബില്ലുകളും ട്രഷറിയിൽ നിന്നും പേയ്മെന്റ് ചെയ്യാത്ത (ട്രഷറി റിജക്ട് ചെയ്യുന്ന ബില്ലുകൾ, ട്രഷറിയിൽ സമയ പരിധിക്കുള്ളിൽ സമർപ്പിക്കാത്ത ബില്ലുകൾ മുതലായവ) ബില്ലുകളുടെ വിവരങ്ങളും ഉൾപ്പെടുന്നുണ്ട്. കൂടാതെ സോഫ്റ്റ് ഡിഡക്ഷൻ വരവ് ചെലവ് തുകകൾ അപ്രോപ്രിയേഷൻ കൺടോൾ രജിസ്റ്ററിൽ ഉൾപ്പെടുന്നില്ല.
v) ബിൽ ഡിസ്കൗണ്ടിംഗ് സിസ്റ്റം മുഖേനയുള്ള ചെലവുകൾക്ക് വെബ്സാംഖ്യ അപ്രോപ്രിയേഷൻ കൺടോൾ രജിസ്റ്ററിൽ ഇരട്ടിപ്പ് കാണപ്പെടുന്നുണ്ട്.

മേൽ കാരണങ്ങളാൽ വാർഷിക ധനകാര്യ പത്രിക, ഗ്രാന്റ് സ്റ്റേറ്റ്മെന്റ്, എ.സി.ആർ. എന്നിവയിലെ വരവ്, ചെലവ്, നീക്കിയിരിപ്പ് തുകകൾ പൊരുത്തപ്പെടുന്നില്ല.

1-5 പദ്ധതി അവലോകനം

2023-24 വർഷത്തെ വിവിധ നിർവ്വഹണ മേഖലകളുമായി ബന്ധപ്പെട്ട് വിവിധ നിർവ്വഹണ ഉദ്യോഗസ്ഥരുടെ പദ്ധതി നിർവ്വഹണത്തിന്റെ ഭാഗമായി അടങ്കൽ, ചെലവ്, നീക്കിയിരിപ്പ് എന്നിവയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

നിർവ്വഹണ ഉദ്യോഗസ്ഥർ	ആകെ ഏറ്റെടുത്ത പദ്ധതികൾ	നടപ്പിലാക്കിയവ	നടപ്പിലാക്കാത്തവ	ആകെ പദ്ധതി അടങ്കൽ (രൂ.) (ഗ്രണഭോക്തൃ വിഹിതം ഒഴികെ)	ആകെ പദ്ധതി ചെലവ് (രൂ.) (ഗ്രണഭോക്തൃ വിഹിതം ഒഴികെ)	ചെലവ് ശതമാനം
കൃഷി ഓഫീസർ	10	8	2	1366400	403471	29.53
വെറ്ററിനറി സർജൻ	9	7	2	2787000	2097681	75.27
മെഡിക്കൽ ഓഫീസർ പി.എച്ച്.സി	15	12	3	5217819	3217212	61.66
മെഡിക്കൽ ഓഫീസർ - ഹോമിയോ	2	2	0	340000	340000	100
മെഡിക്കൽ ഓഫീസർ - ആയുർവേദം	4	4	0	1475000	1474657	99.98
വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ	37	19	18	120932723	18166762	15.02
ഐ.സി.ഡി.എസ്. സൂപ്പർവൈസർ	18	13	5	5811300	4201956	72.31
സെക്രട്ടറി	54	36	18	24627244	12449589	50.55
അസിസ്റ്റന്റ് എഞ്ചിനീയർ	46	15	31	25280010	8218257	32.51
ഹെഡ് മാസ്റ്റർ	12	7	5	3039736	951817	31.31
ഡയറി ഫാം ഇൻസ്ട്രക്ടർ	2	2	0	1400000	788581	56.33
ആകെ	209	125	84	192277232	52309983	27.20

i) വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ ആകെ വകയിരുത്തിയ ഫണ്ടിന്റെ 15.02% മാത്രമാണ് ചെലവഴിച്ചത്.

ii) അസിസ്റ്റന്റ് എഞ്ചിനീയർ 46 മരാമത്ത് പ്രവൃത്തികൾക്കായി അംഗീകാരം വാങ്ങിയെങ്കിലും 31 പ്രവൃത്തികൾ നടപ്പാക്കിയില്ല. ആകെ വകയിരുത്തിയ ഫണ്ടിന്റെ 32.51% മാത്രമാണ് ചെലവഴിച്ചത്.

ആകെ വരവ് ചെലവ് (സുലേഖ പത്രിക പ്രകാരം)

ഫണ്ട്	വകയിരുത്തിയ തുക (രൂ.)	ചെലവ് തുക (രൂ.)	ശതമാനം
പൊതുവിഭാഗം (ജനറൽ)	28615772	15841572	55.36
എസ്.സി.പി.	4317881	2712295	62.82
ടി.എസ്.പി.	5436654	2939198	54.06
ധനകാര്യ കമ്മീഷൻ അവാർഡ്	16083543	7361119	45.77
കേന്ദ്രാവിഷ്കൃത ഫണ്ട്	3953676	1486618	37.60
സംസ്ഥാനാവിഷ്കൃത ഫണ്ട്	78644860	8150388	10.36
തനത് ഫണ്ട്	151500	0	0
മറ്റ് ബ്ലോക്ക്പഞ്ചായത്ത്	11556250	3137894	27.15
മറ്റ് ജില്ലാ പഞ്ചായത്ത്	25899090	2864575	11.06
മെയിന്റനൻസ് റോഡ്	8880638	2223681	25.04
മെയിന്റനൻസ് റോഡിതരം	7187349	4386045	61.02
ഹെൽത്ത് ഗ്രാന്റ്	1550019	1206598	77.84

മറ്റുള്ളവ	100185644	17238683	17.21	

1) പതിനാലാം പഞ്ചവത്സര പദ്ധതിയിലെ വാർഷിക പദ്ധതികൾ തയ്യാറാക്കുന്നതിനുള്ള മാർഗ്ഗരേഖ സർക്കാർ ഉത്തരവ് (കൈ) നമ്പർ 84/2022/തസ്വഭവ., തീയതി 19.04.2022, ഖണ്ഡിക 3.1.1പ്രകാരം ആസൂത്രണ സമിതി 30.11.2022ലെ 1(1)നമ്പർ തീരുമാനപ്രകാരം പുന:സംഘടിപ്പിച്ചിട്ടുണ്ട്.

2) മാർഗ്ഗരേഖ ഖണ്ഡിക 3.4.1.8, 8(എ), (ബി) എന്നിവയുടെ അടിസ്ഥാനത്തിൽ വായ്പ സാദ്ധ്യതകൾ ചർച്ച ചെയ്ത് വ്യക്തത വരുത്തിയിട്ടില്ല.

3) മാർഗ്ഗരേഖ ഖണ്ഡിക 3.5.6.3(എ)-യുടെ അടിസ്ഥാനത്തിൽ മഹാത്മഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുമായി സംയോജിച്ച് പദ്ധതികൾ നടപ്പിലാക്കിയിട്ടില്ല.

4) മാർഗ്ഗരേഖ ഖണ്ഡിക 3.5.6.3(ബി)-യുടെ അടിസ്ഥാനത്തിൽ കുടുംബശ്രീ പരിപാടികളുമായി സംയോജിപ്പിച്ച് പാഥേയം പദ്ധതി നടപ്പിലാക്കുന്നുണ്ടെങ്കിലും തൻവർഷം ഇക ചെലവഴിച്ചിട്ടില്ല.

5) മാർഗ്ഗരേഖ ഖണ്ഡിക 3.8.5(1)-ന്റെ അടിസ്ഥാനത്തിൽ നൂതന പ്രോജക്ടുകൾ അംഗീകാരത്തിന് സമർപ്പിച്ചിട്ടില്ല.

സാമൂഹ്യ പ്രതിബദ്ധത നിറവേറ്റുന്നതിന്റെ ഭാഗമായി വകയിരുത്തപ്പെടുന്ന Corporate Social Responsibility Fund (CSR Fund) ലഭ്യമാകുന്നതിന് നടപടികൾ സ്വീകരിച്ചിട്ടില്ല.

1-6-1 ഗുണഭോക്തൃവിന്റെ മരണശേഷം വിതരണം ചെയ്ത സാമൂഹ്യ സുരക്ഷാ പെൻഷൻ തിരികെ ഈടാക്കേണ്ടതാണ്

പരിശോധനയ്ക്ക് ലഭ്യമാക്കിയ 2023-24ലെ ഏതാനും മരണ രജിസ്ട്രേഷൻ രേഖകൾ, സേവന പെൻഷൻ വിതരണ വിവരങ്ങൾ എന്നിവ പരിശോധിച്ചതിൽ, കുറ്റിച്ചൽ ഗ്രാമപഞ്ചായത്തിൽ മരണം റിപ്പോർട്ട് ചെയ്തിട്ടുള്ള ചുവടെ പറയുന്ന വ്യക്തികളുടെ സാമൂഹ്യസുരക്ഷ പെൻഷൻ മരണശേഷമുള്ള മാസങ്ങളിലും വിതരണം ചെയ്തിട്ടുണ്ട്.

പേര്	പെൻഷണർ ഐ.ഡി.	മരണ തീയതി	പെൻഷൻ ഇനം	മരണശേഷം പെൻഷൻ കൈമാറിയ കാലയളവ്	മരണശേഷം കൈമാറിയ പെൻഷൻ ഇക (രൂ.)	പെൻഷൻ വിതരണം ചെയ്ത സ്ഥാപനം
ഓമന	102600600063	25.12.2023	ഇന്ദിരാ ഗാന്ധി ദേശീയ വിധവ പെൻഷൻ സ്കീം	ജനുവരി 2024 മുതൽ മെയ് 2024 വരെ	1600x5=8000	കുറ്റിച്ചൽ ഗ്രാമ പഞ്ചായത്ത്
ലൈസമ്മ ജെ.	102600202396	15.02.2024	ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ)	മാർച്ച് 2024 മുതൽ മെയ് 2024 വരെ	600x3=1800	കുറ്റിച്ചൽ ഗ്രാമ പഞ്ചായത്ത്
ജയകുമാർ	102600201875	10.01.2024	ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ	ഫെബ്രുവരി 2024 മുതൽ മെയ് 2024 വരെ	1600x4=6400	കുറ്റിച്ചൽ ഗ്രാമ പഞ്ചായത്ത്
വേലുക്കുട്ടിആശാരി	102600202647	21.01.2024	ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ	ഫെബ്രുവരി 2024 മുതൽ മെയ് 2024 വരെ	600x4=2400	കുറ്റിച്ചൽ ഗ്രാമ പഞ്ചായത്ത്
സണ്ണി എസ്.	102600200682	06.03.2024	ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ	ഏപ്രിൽ 2024 മുതൽ മെയ് 2024 വരെ	1600x2=3200	കുറ്റിച്ചൽ ഗ്രാമ പഞ്ചായത്ത്
ഭാരതി	102620201023	04.01.2024	ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ)	ഫെബ്രുവരി 2024 മുതൽ മെയ് 2024 വരെ	1600x4=6400	കാട്ടാക്കട ഗ്രാമ പഞ്ചായത്ത്
ഹലീമബീവി എം.	102600202055	11.01.2024	ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ)	ഫെബ്രുവരി 2024 മുതൽ മെയ് 2024 വരെ	1600x4=6400	കുറ്റിച്ചൽ ഗ്രാമ പഞ്ചായത്ത്
കുട്ടൻ നാടാർ	102600200824	13.01.2024	ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ	ഫെബ്രുവരി 2024 മുതൽ മെയ് 2024 വരെ	600x4=2400	കുറ്റിച്ചൽ ഗ്രാമ പഞ്ചായത്ത്
ഗോമതി അമ്മ	102600201903	22.02.2024	(ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ)	മാർച്ച് 2024 മുതൽ മെയ് 2024 വരെ	600x3=1800	കുറ്റിച്ചൽ ഗ്രാമ പഞ്ചായത്ത്
രാജു	102600201090	29.01.2024	ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ	ഫെബ്രുവരി 2024 മുതൽ മെയ് 2024 വരെ	1600x4=6400	കുറ്റിച്ചൽ ഗ്രാമ പഞ്ചായത്ത്

സ.ഉ.(എം.എസ്)97/2020/ധന., തീയതി 23.09.2020 ഉത്തരവ് പ്രകാരം മരണപ്പെടുന്നവരുടെ സാമൂഹ്യ സുരക്ഷ പെൻഷന് അനന്തരാവകാശികൾക്ക് അവകാശം ഉണ്ടായിരിക്കുന്നതല്ല. 22.11.2024ലെ നം.65/2024/ധന. സർക്കുലർ പ്രകാരം ഗുണഭോക്താവിന്റെ മരണശേഷം അനുവദിക്കുന്ന പെൻഷൻ/കുടിശ്ശികയ്ക്ക് അനന്തരാവകാശികൾക്ക് അർഹതയില്ലായെന്ന് സ്പഷ്ടീകരണം ലഭിച്ചിട്ടുണ്ട്. മേൽ സൂചിപ്പിച്ച പ്രകാരം മരണശേഷം അക്കൗണ്ടുകളിൽ നിക്ഷേപിച്ച പെൻഷൻ ഇക തിരികെ ലഭ്യമാക്കുന്നതിന് സ്വീകരിച്ച നടപടികളുടെയും പെൻഷൻ വിതരണം ചെയ്യുന്ന മറ്റ് സ്ഥാപനങ്ങളിലേക്ക് ഗുണഭോക്താവിന്റെ മരണം സംബന്ധിച്ച അറിയിപ്പ് നൽകുന്നതിന് സ്വീകരിച്ച നടപടികളുടെയും വിശദാംശം ലഭ്യമാക്കാൻ നൽകിയ ഓഡിറ്റ് എൻക്വയറി (നം.20/തീ.29.11.2024)ന് മറുപടി ലഭ്യമാക്കിയിട്ടില്ല. വിശദമായ മറുപടി ലഭ്യമാക്കേണ്ടതാണ്.

1-6 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

ക്ഷേമ പദ്ധതിയുടെ പേര്	ചെലവഴിച്ച തുക (രൂ.)	ഗുണഭോക്താക്കളുടെ എണ്ണം
കർഷക തൊഴിലാളി പെൻഷൻ	1576400	1024
വിധവ പെൻഷൻ	10725600	9087
വാർദ്ധക്യകാല പെൻഷൻ	20888700	17779
വികലാംഗ പെൻഷൻ	3077000	2035
50 വയസ്സിന് മുകളിലുള്ള അവിവാഹിതരായ സ്ത്രീകളുടെ പെൻഷൻ	287400	184
വിധവകളുടെ മക്കൾക്കുള്ള വിവാഹ ധനസഹായം	90000	3

1-7 ക്യാഷ് ബാലൻസ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 23.11.2024ന് 2.45pm സമയത്ത് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിദ്ധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 7,784/- രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

1-8 ആഭ്യന്തര നിയന്ത്രണം

ജോലി വിഭജനം

പഞ്ചായത്തിലെ എല്ലാ ജീവനക്കാർക്കും ഓഫീസ് ഉത്തരവ് പ്രകാരം ജോലി വിഭജനം നടത്തിയിട്ടുണ്ട്. നിലവിൽ ഫയലുകൾ എല്ലാം ഐ.എൽ.ജി.എം.എസ്. സംവിധാനത്തിൽ ആയതിനാൽ പേഴ്സണൽ രജിസ്റ്റർ സൂക്ഷിക്കുന്നില്ല.

ഓഫീസ് മീറ്റിംഗ്

സെക്രട്ടറി എല്ലാ മാസവും ഓഫീസ് മീറ്റിംഗ് വിളിക്കുകയും ഓഫീസ് പ്രവർത്തനങ്ങൾ അവലോകനം നടത്തുകയും ചെയ്യുന്നുണ്ട്. ഓഫീസ് മീറ്റിംഗ് മിനിറ്റ്സ് തയ്യാറാക്കി സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്.

രജിസ്റ്ററുകളുടെ സൂക്ഷിപ്പ്

സ്ഥാപനത്തിൽ തയ്യാറാക്കി സൂക്ഷിക്കേണ്ടതായ ഇൻകംബൻസി രജിസ്റ്റർ, സ്യൂട്ട് രജിസ്റ്റർ, കാഷ്വൽ ലീവ് രജിസ്റ്റർ, ക്യാഷ് ഡിക്ലറേഷൻ രജിസ്റ്റർ, പരാതി രജിസ്റ്റർ, വിവരാവകാശ രജിസ്റ്റർ എന്നിവ ആവശ്യമായ രേഖപ്പെടുത്തലുകൾ വരുത്തി സൂക്ഷിക്കുന്നുണ്ട്.

ഗ്രാമസഭ

കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 3(3) പ്രകാരം ഗ്രാമസഭ നിശ്ചിത ഇടവേളകളിൽ കൂടുന്നില്ല. തൻവർഷം രണ്ട് തവണ മാത്രമാണ് ഗ്രാമസഭ കൂടിയിട്ടുള്ളത്. ഗ്രാമസഭകളിൽ എല്ലാം തന്നെ ക്വാറം തികഞ്ഞിട്ടുണ്ട്. ഗ്രാമസഭ മിനിട്സ് രേഖപ്പെടുത്തൽ വരുത്തി പൂർത്തീകരിച്ചിട്ടുണ്ട്.

സ്റ്റാന്റിംഗ് കമ്മിറ്റികൾ

പഞ്ചായത്തിലെ സ്റ്റാന്റിംഗ് കമ്മിറ്റികൾ എല്ലാ മാസവും കൂടുകയും വികസന പ്രവർത്തനങ്ങളെപ്പറ്റി അവലോകനം നടത്തുകയും ചെയ്യുന്നുണ്ട്. ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയിൽ പഞ്ചായത്തിലെ വരവ്-ചെലവ് കണക്കുകൾ അവതരിപ്പിച്ച അംഗീകരിച്ചിട്ടുണ്ട്.

വർക്കിംഗ് ഗ്രൂപ്പ്

പദ്ധതി ആസൂത്രണത്തിന് മുന്നോടിയായി എല്ലാവർക്കും ഗ്രൂപ്പുകളും ഒരുതവണ യോഗം ചേർന്നിട്ടുണ്ട്.

ആസ്തി രജിസ്റ്റർ

പഞ്ചായത്തിൽ 2024 ജൂൺ മാസം വരെ സൃഷ്ടിച്ചിട്ടുള്ള എല്ലാ ആസ്തികളുടെ വിവരവും ആസ്തി രജിസ്റ്ററിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

പൗരാവകാശ രേഖ

പഞ്ചായത്തിലെ പ്രവർത്തനങ്ങളും പദ്ധതികളും സേവനങ്ങളും പ്രതിപാദിക്കുന്ന പൗരാവകാശ രേഖ 2024-ൽ തയ്യാറാക്കിയിട്ടുണ്ട്.

സ്റ്റാറ്റസ് റിപ്പോർട്ട്

പഞ്ചായത്തിൽ നടപ്പിലാക്കി വരുന്ന പദ്ധതികളെ സംബന്ധിച്ച വിവരങ്ങൾ ഉൾപ്പെടുത്തി സ്റ്റാറ്റസ് റിപ്പോർട്ട് തയ്യാറാക്കിയിട്ടുണ്ട്.

ഓഡിറ്റ് റിപ്പോർട്ട് / ഓഡിറ്റ് ഒബ്ജക്ഷൻ

ഓഡിറ്റ് റിപ്പോർട്ട് പഞ്ചായത്ത് കമ്മിറ്റിയിൽ അവതരിപ്പിച്ച് ഭരണ സമിതി ചർച്ച നടത്തുകയും ഓഡിറ്റ് റിപ്പോർട്ടുകൾ തുടർ നടപടി സ്വീകരിക്കുന്നതിന് സെക്രട്ടറിയെ ചുമതലപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. എന്നാൽ 2022-23 വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിനുള്ള ആദ്യ മറുപടി നാളിതുവരെ തയ്യാറാക്കി സമർപ്പിച്ചിട്ടില്ല.

പെൻഷൻ വിതരണം

പെൻഷൻ അപേക്ഷകൾ ചട്ടം അനുശാസിക്കുന്ന സമയപരിധിക്കുള്ളിൽ തീർപ്പ് കൽപ്പിക്കുന്നുണ്ട്. ഔദ്യോഗിക വാഹനത്തിന്റെ ലോഗ് ബുക്ക്, ഫ്യുവൽ രജിസ്റ്റർ എന്നിവ കൃത്യമായി എഴുതി സൂക്ഷിക്കുന്നുണ്ട്. കസ്റ്റോഡിയൻ ഓഫീസർ ഓരോ രേഖയും പരിശോധിച്ച് ആധികാരികത ഉറപ്പ് വരുത്തുന്നുണ്ട്. സർക്കാരിലേക്ക് കൊടുക്കേണ്ടതായ ഇൻകം ടാക്സ്, ജി.എസ്.ടി, തൊഴിലാളി ക്ഷേമനിധി പെൻഷൻ കോൺട്രിബ്യൂഷൻ. ലൈബ്രറി സെസ് മുതലായവ യഥാസമയം ഒടുക്കുന്നുണ്ട്.

ആഭ്യന്തര നിയന്ത്രണ സംവിധാനം മെച്ചപ്പെടുത്തുന്നതിനുള്ള നിർദ്ദേശങ്ങൾ

പഞ്ചായത്തിന്റെ പ്രധാന വരുമാന മാർഗ്ഗമായ കെട്ടിട നികുതി പൂർണമായും പിരിച്ചെടുത്ത് തനത് വരുമാനം വർദ്ധിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്. തൻവർഷം 84.25% ആണ് കെട്ടിടനികുതി ഇനത്തിൽ ലഭിച്ചിട്ടുള്ളത്. നിലവിലുള്ള മൂന്ന് മാർക്കറ്റുകളിൽ നിന്ന് തൻവർഷം 46,440/- രൂപയാണ് വരവായി ലഭിച്ചിട്ടുള്ളത്. മാർക്കറ്റിലെ ഒഴിഞ്ഞുകിടക്കുന്ന കടമുറികൾ ലേലം ചെയ്ത് നൽകുന്നതിനുള്ള നടപടി സ്വീകരിക്കുകയും പ്രവർത്തനരഹിതമായ വെള്ളക്കര ടാപ്പുകൾ റദ്ദാക്കുന്നതിനുള്ള നടപടി സ്വീകരിക്കുകയും ചെയ്യേണ്ടതാണ്.

1-9 തൊഴിലുറപ്പ് പദ്ധതി

ഇനം	മുന്നിരിപ്പ് (രൂ.)	വരവ് (രൂ.)	ആകെ (രൂ.)	ചെലവ് (രൂ.)	നീക്കിയിരിപ്പ് (രൂ.)
ഭരണചെലവുകൾ	2165.89	1655282	1657447.89	1657447.31	0.58

ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത്	60155.09	132874	193029.09	183039.61	9989.48
ആകെ	62320.98	1788156	1850476.98	1840486.92	9990.06

തുകകൾ വാർഷിക ധനകാര്യ പത്രികയുമായി പൊരുത്തപ്പെടുന്നില്ല. അപാകം ഖണ്ഡിക 1-1-10ൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

ഓഡിറ്റ്	അവസാനം ഓഡിറ്റ് നടത്തിയ തീയതി	ഓഡിറ്റ് കാലയളവ്	റിപ്പോർട്ട് ലഭിച്ച തീയതി
പെർഫോമൻസ് ഓഡിറ്റ്	07.05.2022 മുതൽ 09.05.2022 വരെ	01.08.2021 മുതൽ 31.03.2022 വരെ	09.12.2022
അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ്	18.03.22 മുതൽ 19.03.2022 വരെ	2019-20	07.04.2022

1-11-1 വസ്തുനികുതി പരിഷ്കരണം - നടപടി ക്രമങ്ങൾ പൂർത്തിയായില്ല

സ.ഉ(കൈ)നം. 77/2023/LSGD, തീയതി 22.03.2023 ഉത്തരവ് പ്രകാരം ഗ്രാമപഞ്ചായത്തുകളിലും നഗരസഭകളിലും 01.04.2023 പ്രാബല്യത്തിൽ വസ്തുനികുതി പുതുക്കി നിശ്ചയിക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. പ്രസ്തുത ഉത്തരവിലെ പ്രധാന നിർദ്ദേശങ്ങൾ ചുവടെ ചേർക്കുന്നു.

1) ഗ്രാമപഞ്ചായത്തിലെ എല്ലാ കെട്ടിടങ്ങളുടെയും വസ്തുനികുതി പുനർനിർണ്ണയിക്കേണ്ടതും 2023-24 വർഷത്തെ ഡിമാന്റും ഓരോ വർഷവും 5% വീതം നികുതി വർദ്ധിക്കും എന്ന വ്യവസ്ഥയും ഉൾപ്പെടുത്തിയ ഡിമാന്റ് നോട്ടീസ്, മേൽ ഉത്തരവ് പ്രകാരമുള്ള 9(എ) ഫോറത്തിൽ 31.03.2023-നകം കെട്ടിട ഉടമകൾക്ക് നൽകേണ്ടതുമാണ്.

2) ഫീൽഡ് പരിശോധന നടത്തി കെട്ടിടങ്ങളുടെ വിവര ശേഖരണം 30.06.2023-നകം പൂർത്തീകരിക്കേണ്ടതും, വിവര ശേഖരണത്തിനും ഡേറ്റാ എൻട്രിക്കുമായി ഡിപ്ലോമ (സിവിൽ എഞ്ചിനീയറിംഗ്), ഐ.ടി.ഐ ഡ്രാഫ്റ്റ്മാൻ സിവിൽ, ഐ.ടി.ഐ സർവെയർ എന്നിവയിൽ കുറയാത്ത യോഗ്യതയുള്ളവരെ നിയോഗിക്കാവുന്നതുമാണ്.

3) വിവരണശേഖരണം നടത്തിയതിന്റെ അടിസ്ഥാനത്തിൽ വിവരം സഞ്ചയ സോഫ്റ്റ്വെയറിൽ ഉൾപ്പെടുത്തി ഡിമാന്റ് പരിഷ്കരിക്കേണ്ടതാണ്.

4) കെട്ടിടങ്ങളുടെ വിവരം സോഫ്റ്റ്വെയറിൽ ചേർക്കുന്ന മുറയ്ക്ക് 10% കെട്ടിടങ്ങൾ സെക്രട്ടറി ചുമതലപ്പെടുത്തുന്ന ഉദ്യോഗസ്ഥൻ നേരിട്ട് പരിശോധന നടത്തേണ്ടതാണ്.

ഗ്രാമപഞ്ചായത്തിൽ മേൽ നിർദ്ദേശങ്ങൾ നടപ്പാക്കിയത് സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കുന്നതിന് നൽകിയ അന്വേഷണകുറിപ്പിന് (ഓഡിറ്റ് എൻക്വയറി നം. 04/2023-'24, തീ.21.11.2024) മറുപടിയായി വസ്തു നികുതി പരിഷ്കരണം ഡിമാൻഡ് നോട്ടീസ് 9(എ) ഫോറത്തിൽ കെട്ടിട ഉടമകൾക്ക് നൽകിയിട്ടുണ്ടെന്ന് അറിയിച്ചു. കൂടാതെ പഞ്ചായത്തിലെ 14 വാർഡുകളിലെ വസ്തു നികുതി പരിഷ്കരണം കെട്ടിടങ്ങളുടെ ഫീൽഡ്തല പരിശോധനയ്ക്കും വിവര ശേഖരണത്തിനും ഡാറ്റ എൻട്രിക്കുമായി നിശ്ചിത യോഗ്യതയുള്ള 9 പേരെ തിരഞ്ഞെടുത്തിരുന്നു എന്നും അതിൽ 6 പേർ മാത്രമാണ് ടി ജോലികൾക്ക് ഹാജരായിട്ടുള്ളതെന്നും ആയതിൽ വിവര ശേഖരണം പൂർത്തിയാക്കിയ കെട്ടിടങ്ങൾക്ക് 30/- രൂപ വീതവും ഡാറ്റ എൻട്രി പൂർത്തിയാക്കിയ കെട്ടിടങ്ങൾക്ക് 15/- രൂപ വീതം 1,51,875/- രൂപ നല്കിയിട്ടുണ്ടെന്നും മറുപടി ലഭ്യമാക്കി. ടി വിവരം സഞ്ചയ സോഫ്റ്റ്വെയറിൽ ഉൾപ്പെടുത്തുന്നതിനുള്ള അപ്ഡേഷൻ നാളിതുവരെ വന്നിട്ടില്ലെന്നും അറിയിച്ചു. ആയതിനാൽ വസ്തു നികുതി പരിഷ്കരണവുമായി ബന്ധപ്പെട്ട സർക്കാർ നിർദ്ദേശങ്ങൾ പൂർണ്ണമായും പാലിക്കപ്പെട്ടിട്ടില്ല. വിവര ശേഖരണം പൂർത്തിയാക്കുന്നതിന്റെ അടിസ്ഥാനത്തിൽ വിവരങ്ങൾ സഞ്ചയയിൽ രേഖപ്പെടുത്തി, ഡിമാന്റ് പരിഷ്കരിച്ച് നികുതി വർദ്ധനവ് ഉറപ്പാക്കി വിവരം റിപ്പോർട്ട് ചെയ്യേണ്ടതാണ്.

1-11-2 മൊബൈൽ ടവറിന്റെ വസ്തു നികുതി കുടിശ്ശിക ഈടാക്കിയിട്ടില്ല

പഞ്ചായത്ത് പരിധിയിലുള്ള മൊബൈൽ ടവറുകളുടെ വസ്തു നികുതിയിൽ കുടിശ്ശിക നിലനിൽക്കുന്നതായി സഞ്ചയ പ്രകാരം കാണുന്നു. ചുവടെ ചേർക്കുന്ന മൊബൈൽ ടവറുകളിൽ നിന്നും തൻവർഷത്തെ വസ്തു നികുതിയും, ലൈബ്രറി സെസ്സും, കുടിശ്ശികയും ഉൾപ്പെടെയുള്ള തുകകൾ നാളിതുവരെ ഈടാക്കിയിട്ടില്ല.

ക്രമ നം	കെട്ടിട നം	വിസ്തീർണം	തരം	വാർഷിക നികുതി
1	2/483/ Reliance Communication Limited	40 M2	മൊബൈൽ ടെലഫോൺ ടവർ	20838

മേൽ വിഷയങ്ങൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പ് (ഓഡിറ്റ് എൻക്വയറി നം. 19/2023-'24, **തീ.**29.11.2024)ന് ലഭിച്ച മറുപടിയിൽ കുടിശ്ശിക ഈടാക്കുന്നതിന് റവന്യൂ റിക്കവറി ഉൾപ്പെടെയുള്ള നടപടികൾ സ്വീകരിച്ച് വരുന്നതായി അറിയിച്ചിട്ടുണ്ട്.
മേൽ ടവറുകളുടെ വസ്തു നികുതി കുടിശ്ശിക തുക ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

1-11-3 അനധികൃത കെട്ടിടങ്ങളുടെ വസ്തു നികുതിയിൽ കുടിശ്ശിക

നിയമാനുസൃതമല്ലാത്ത കെട്ടിടത്തിൽ നിന്നും വസ്തു നികുതി ഡിമാന്റ് ചെയ്തിട്ടുണ്ടെങ്കിലും പിരിച്ചെടുത്തിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

ക്രമ നം.	കെട്ടിട നം.	വിസ്തീർണം	തരം	വാർഷിക നികുതി	കുടിശ്ശിക
1	4/1/UA	54.41	പാർപ്പിടാവശ്യം	852 (2024)	2355 (2021 I & II Half, 2022 I & II Half, 2023 I & II Half)

തുകകൾ അടവാക്കിയിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദാംശം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ അന്വേഷണ കുറിപ്പിന് (ഓഡിറ്റ് എൻക്വയറി നം. 19/2023-'24, തീ.29.11.2024) കെട്ടിടനികുതി ഒടുക്കുന്നതിനായി ഡിമാൻഡ് നോട്ടീസ്, എറർ ഡിമാൻഡ് നോട്ടീസ് എന്നിവ നൽകിയെങ്കിലും ടിയാൻ നാളിതുവരെ കെട്ടിടനികുതി ഒടുക്കാത്തതിനാൽ റവന്യൂ റിക്കവറി നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് മറുപടി ലഭ്യമാക്കി.
നികുതി കുടിശ്ശിക ഈടാക്കി രസീത് വിശദാംശങ്ങൾ ലഭ്യമാക്കി പരാമർശം ഒഴിവാക്കേണ്ടതാണ്.

1-11-4 പോസ്റ്റ് ഒക്യുപ്പൻസി ഓഡിറ്റ് നടത്തുന്നില്ല

കേരള പഞ്ചായത്ത് രാജ് (കെട്ടിടനിർമ്മാണ) ചട്ടങ്ങൾ 2019, ചട്ടം 21-ൽ പോസ്റ്റ് ഒക്യുപ്പൻസി ഓഡിറ്റ് നടത്തണമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. രണ്ട് നിലകൾ വരെയുള്ള വാസഗൃഹങ്ങൾ, 50 ച.മീ. വരെയുള്ള വാണിജ്യ കെട്ടിടങ്ങൾ, ആരാധന കെട്ടിടങ്ങൾ, ഗ്രൂപ്പ് ജി-1, ജി-2, ഐ.

ഒക്യുപ്പൻസികൾ എന്നിവ ഒഴികെയുള്ള കെട്ടിടങ്ങൾക്ക് ഒക്യുപ്പൻസി സർട്ടിഫിക്കറ്റ് നൽകി രണ്ട് വർഷത്തിനുള്ളിൽ സെക്രട്ടറി പോസ്റ്റ് ഒക്യുപ്പൻസി ഓഡിറ്റ് നടത്തേണ്ടതാണെന്നും ഒക്യുപ്പൻസി സർട്ടിഫിക്കറ്റ് അനുവദിച്ച് രണ്ട് വർഷത്തിന് ശേഷം ഏത് സമയത്തും പോസ്റ്റ് ഒക്യുപ്പൻസി ഓഡിറ്റ് നടത്തുവാൻ സാധിക്കുന്നതാണെന്നും പ്രസ്തുത ചട്ടത്തിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. പഞ്ചായത്തിൽ പോസ്റ്റ് ഒക്യുപ്പൻസി ഓഡിറ്റ് നടത്തി അനധികൃത നിർമ്മാണങ്ങൾ കണ്ടെത്തി നിയമ നടപടികൾ സ്വീകരിച്ചിട്ടുണ്ടെങ്കിൽ വിശദാംശം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ അന്വേഷണ കുറിപ്പിന് (ഓഡിറ്റ് എൻകയറി നം. 19/2023-24, തീ.29.11.2024) 14 വാർഡുകളിലും കെട്ടിടങ്ങളുടെ ഫീൽഡ് പരിശോധന നടത്തി അനധികൃത നിർമാണങ്ങൾ/കൂട്ടിച്ചേർക്കലുകൾ വരുത്തിയിട്ടുള്ള കെട്ടിടങ്ങളുടെ വിവരങ്ങൾ ശേഖരിച്ചിട്ടുണ്ടെന്നും വിവര ശേഖരണം പൂർത്തിയായ കെട്ടിടങ്ങൾ ഡാറ്റ എൻടി വരുത്തുന്നതിനുള്ള ഓപ്ഷൻ സഞ്ചയ സോഫ്റ്റ്വെയറിൽ ലഭ്യമാകുന്ന മുറയ്ക്ക് 10% കെട്ടിടങ്ങൾ നേരിട്ട് പരിശോധന നടത്തി തുടർനടപടികൾ സ്വീകരിക്കുന്നതാണെന്നും മറുപടി ലഭ്യമാക്കി. തുടർ നടപടി വിവരം ലഭ്യമാക്കേണ്ടതാണ്.

1-11 വസ്തു നികുതി – അപാകങ്ങൾ

വസ്തു നികുതി പരിശോധനയിൽ ശ്രദ്ധയിൽപെട്ട അപാകങ്ങൾ ഉപഖണ്ഡികകളായി ചുവടെ ചേർക്കുന്നു.

1-12 വളർത്തുനായകൾക്കും പന്നികൾക്കുമുള്ള ലൈസൻസ് – തുടർ നടപടി വിവരം ലഭ്യമാക്കേണ്ടതാണ്

1994ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 254, കേരള പഞ്ചായത്ത് രാജ് (പന്നികൾക്കും പട്ടികൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ, ചട്ടം 4 പ്രകാരം പഞ്ചായത്തിൽ നിന്നും ലഭിക്കുന്ന ലൈസൻസ് കൂടാതെ നായകളെ വളർത്താൻ പാടില്ല. 2023-'24 വർഷത്തെ സ്റ്റാറ്റസ് റിപ്പോർട്ട് പ്രകാരം ഗ്രാമപഞ്ചായത്ത് പരിധിയിൽ 480 വളർത്തുനായകൾ ഉള്ളതായി രേഖപ്പെടുത്തിയിട്ടുണ്ട്. സ്റ്റാറ്റസ് റിപ്പോർട്ട് പ്രകാരം എ,ബി,സി നടത്തിയവ 125 ആയി കാണുന്നു. എന്നാൽ 2023-'24 സാമ്പത്തിക വർഷത്തേക്ക് ലൈസൻസ് നൽകിയിട്ടുള്ളത് 17 വളർത്തുനായകൾക്ക് മാത്രമാണ്. 2022-'23 സാമ്പത്തിക വർഷത്തിൽ 129 നായ്ക്കൾക്ക് ലൈസൻസ് നൽകിയിട്ടുണ്ട്. വളർത്തുനായകൾക്ക് ലൈസൻസ് നൽകുന്നതിന് ഗ്രാമപഞ്ചായത്ത് സ്വീകരിച്ച നടപടികളുടെ വിശദാംശം ആവശ്യപ്പെട്ട് നൽകിയ അന്വേഷണ കുറിപ്പിന് (ഓഡിറ്റ് എൻകയറി നം. 06/2023-'24, തീ.21.11.2024) ഗ്രാമസഭകൾ വഴി വാക്സിൻ എടുത്ത എല്ലാ വളർത്തുനായ്ക്കൾക്കും ലൈസൻസ് എടുക്കുന്നതിന് അറിയിപ്പ് നൽകിയെന്ന് മറുപടി ലഭ്യമാക്കി. തുടർ നടപടി വിവരം ലഭ്യമാക്കേണ്ടതാണ്.

1-13-1 റേഷൻ കടകൾ ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്നു

1996ലെ കേരള പഞ്ചായത്ത് രാജ് FTE & OS ചട്ടങ്ങൾ പ്രകാരം ഗ്രാമപഞ്ചായത്തിന്റെ അനുമതി ഇല്ലാതെ വാണിജ്യ സ്ഥാപനങ്ങൾ പഞ്ചായത്ത് പ്രദേശത്ത് പ്രവർത്തിക്കാൻ പാടില്ലാത്തതാണ്. സിവിൽ സപ്ലൈസ് ഡയറക്ടറുടെ 22.02.2019ലെ (സി.എസ്) എ9-764/2019-ാം നമ്പർ കത്തിൽ റേഷൻ കടകളെ പഞ്ചായത്ത് ലൈസൻസ് ഫീസ്, തൊഴിൽ നികുതി എന്നിവ ഒടുക്കുന്നതിൽ നിന്ന് ഒഴിവാക്കാൻ കഴിയില്ലായെന്ന് അറിയിച്ചിട്ടുള്ളതിനാൽ ഗ്രാമ പഞ്ചായത്ത് പരിധിയിൽ എത്ര റേഷൻ കടകൾ ഉണ്ടെന്നും പ്രസ്തുത റേഷൻ കടകൾക്ക് ലൈസൻസ് നൽകുന്നതിനുള്ള നടപടി സ്വീകരിച്ചതിന്റെ വിശദാംശം ലഭ്യമാക്കുന്നതിന് നൽകിയ അന്വേഷണകുറിപ്പിന് (ഓഡിറ്റ് എൻകയറി നം. 8/2023-'24, തീ.23.11.2024) 9 റേഷൻ കടകൾ ഉണ്ടെന്നും ടി കടകൾക്ക് ലൈസൻസ് എടുക്കുന്നതിന് നേരിട്ട് നോട്ടീസ് നൽകിയിട്ടുണ്ടെന്നും കടയുടമകൾ പഞ്ചായത്ത് ലൈസൻസ്, സ്ഥാപന നികുതി, തൊഴിൽ നികുതി എന്നിവ അടവാക്കത്തതിനാൽ പ്രസ്തുത നികുതികളും ലൈസൻസും അടവാക്കുന്നതിനുള്ള നിർദേശം നൽകുവാൻ താലൂക്ക് സപ്ലൈ ഓഫീസർക്ക് കത്ത് നൽകി തുടർ നടപടി സ്വീകരിക്കുന്നതാണെന്നും മറുപടി ലഭ്യമാക്കി. തുടർ നടപടി സ്വീകരിച്ച് പുരോഗതി വിവരം അറിയിക്കേണ്ടതാണ്.

1-13-2 യന്ത്രങ്ങളുടെ കുതിരശക്തിയുടെ അടിസ്ഥാനത്തിലുള്ള മോട്ടോർഫീസ് ലൈസൻസ് ഫീസിനൊപ്പം ഈടാക്കിയിട്ടില്ല

1996ലെ കേരള പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ ചട്ടങ്ങൾ) ചട്ടം 17, 18 പട്ടിക 3 എന്നിവ പ്രകാരം യന്ത്രത്തിന്റെ കുതിരശക്തിക്ക് ആനുപാതികമായി നിശ്ചിത മോട്ടോർ ഫീസ് ഈടാക്കേണ്ടതാണ്. എന്നാൽ 2023-'24 സാമ്പത്തിക വർഷത്തേയ്ക്ക് ഫാക്ടറി വ്യാപാര ലൈസൻസ് എടുക്കുന്നതിന് വേണ്ടി സമർപ്പിച്ചിട്ടുള്ള അപേക്ഷകളുടെ പരിശോധനയിൽ SDP ഫ്യൂവൽ കറ്റിച്ചൽ (ലൈസൻസ് നമ്പർ: JC1-2/DL/1415/2023), കാർമൽ ഇൻഡസ്ട്രീസ് കോൺക്രീറ്റ് കട്ടിള നിർമാണ കേന്ദ്രം (ലൈസൻസ് നമ്പർ: JC1/2058/2023) എന്നീ സ്ഥാപനങ്ങൾക്ക് ലൈസൻസ് ഫീസ് ഈടാക്കിയിട്ടുണ്ടെങ്കിലും വൈദ്യുതി കൊണ്ട് പ്രവർത്തിക്കുന്ന യന്ത്രങ്ങളുടെ കുതിരശക്തിയുടെ അടിസ്ഥാനത്തിൽ നിശ്ചയിച്ചിട്ടുള്ള ഫീസ് ഈടാക്കിയിട്ടില്ല. മേൽ അപാകത്തിന് മറുപടി ലഭ്യമാക്കുന്നതിന് നൽകിയ അന്വേഷണകുറിപ്പിൽ (ഓഡിറ്റ് എൻകയറി നം. 08/2023-'24, **തീ.**23.11.2024) ടി സ്ഥാപനങ്ങളിൽ നിന്നും ഓഡിറ്റ് നിർദേശം ഉൾക്കൊണ്ട് അറിയിപ്പ് നൽകി മോട്ടോർ ഫീസ് ഈടാക്കുന്നതായിരിക്കും എന്ന് മറുപടി ലഭ്യമാക്കി. നിയമാനുസൃത മോട്ടോർഫീസ് ഈടാക്കി വിവരം രേഖകൾ സഹിതം ലഭ്യമാക്കി പരാമർശം ഒഴിവാക്കേണ്ടതാണ് .

1-13 FTE & OS ലൈസൻസ്

FTE & OS ലൈസൻസ് പരിശോധനയിൽ കണ്ട അപാകങ്ങൾ ചുവടെ ചേർക്കുന്നു.

1-14-1 തൊഴിൽനികുതി സമ്പൂർണ്ണ ഡേറ്റാബേസ് തയ്യാറാക്കി സൂക്ഷിക്കേണ്ടതാണ്

1994ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 204 പ്രകാരം പഞ്ചായത്ത് പ്രദേശത്ത് താമസിച്ചുകൊണ്ട് പഞ്ചായത്തിലോ അതിന് വെളിയിലോ തൊഴിലിലോ കലയിലോ ജോലിയിലോ ഏർപ്പെട്ടിരിക്കുന്നതോ അല്ലെങ്കിൽ ബിസിനസ് നടത്തുകയോ പൊതുവോ സ്വകാര്യമോ ആയ ഉദ്യോഗം വഹിക്കുന്നതോ അഥവാ പഞ്ചായത്ത് പ്രദേശത്തിൽ താമസിക്കുകയും മുതൽമുടക്കുകളിൽ നിന്ന് എന്തെങ്കിലും ആദായം ലഭിച്ചുകൊണ്ടിരിക്കുകയും ചെയ്യുന്നതുമായ ഏതൊരാളുടെയും മേൽ തൊഴിൽ നികുതി ചുമത്താവുന്നതാണ്. ഗ്രാമ പഞ്ചായത്തിൽ സ്ഥാപനങ്ങൾ, ജീവനക്കാർ, സ്വയം തൊഴിലിൽ ഏർപ്പെട്ടിരിക്കുന്നവർ, അഭിഭാഷകർ, സ്വകാര്യ ഡോക്ടർമാർ, മറ്റ് പ്രൊഫഷണലുകൾ, ഗ്രാമ പഞ്ചായത്തിലെ ബിൽഡിംഗ് പ്ലാനുകൾ തയ്യാറാക്കുന്ന എഞ്ചിനീയർമാർ, സൂപ്പർവൈസർമാർ , സ്വകാര്യ സ്കൂൾ/കോളേജ് ജീവനക്കാർ തുടങ്ങി തൊഴിൽ നികുതി ഒടുക്കാൻ ബാധ്യസ്ഥരായവരുടെ സമ്പൂർണ്ണ ഡേറ്റാബേസ് തയ്യാറാക്കി സൂക്ഷിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദാംശം ലഭ്യമാക്കുന്നതിന് നൽകിയ അന്വേഷണകുറിപ്പിന് (ഓഡിറ്റ് എൻകയറി നം. 03/2023-'24, തീ. 21.11.2024) പഞ്ചായത്ത് തലത്തിൽ പ്രസ്തുത വ്യക്തികളെ കണ്ടെത്തി ഓഡിറ്റ് മാർഗ്ഗനിർദേശങ്ങൾ ഉൾക്കൊണ്ട് വരും വർഷങ്ങളിൽ തൊഴിൽ നികുതി ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്നും സ്വയം തൊഴിലിൽ ഏർപ്പെടുന്നവർ അഭിഭാഷകർ സ്വകാര്യ ഡോക്ടർമാർ മറ്റ് പ്രൊഫഷനലുകൾ പഞ്ചായത്തിലെ ബിൽഡിംഗ് പ്ലാൻ തയ്യാറാക്കുന്ന എൻജിനീയർമാർ സൂപ്പർവൈസർമാർ തുടങ്ങിയവരുടെ സമ്പൂർണ്ണ ഡേറ്റാബേസ് തയ്യാറാക്കി സൂക്ഷിച്ചിട്ടില്ലെന്നും തൊഴിൽ നികുതി കൊടുക്കാൻ ബാധ്യസ്ഥരായവരുടെ സമ്പൂർണ്ണ ഡേറ്റാബേസ് തയ്യാറാക്കി നോട്ടീസ് നൽകി തൊഴിൽ നികുതി അടവാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്നും മറുപടി ലഭ്യമാക്കി.
തൊഴിൽ നികുതി ഒടുക്കാൻ ബാധ്യസ്ഥരായവരുടെ സമ്പൂർണ്ണ ഡേറ്റാബേസ് തയ്യാറാക്കി സൂക്ഷിക്കേണ്ടതും പ്രസ്തുത വ്യക്തികളിൽ/സ്ഥാപനങ്ങളിൽ നിന്ന് തൊഴിൽ നികുതി ഈടാക്കുന്നുണ്ടെന്ന് ഉറപ്പാക്കേണ്ടതും, തൊഴിൽ നികുതി ഇനത്തിൽ പഞ്ചായത്തിന് വരുമാന നഷ്ടം സംഭവിക്കുന്നില്ലായെന്ന് ഉറപ്പാക്കേണ്ടതുമാണ്.

1-14-2 റേഷൻ കടകളിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നില്ല

സിവിൽ സപ്ലൈസ് ഡയറക്ടറുടെ 22.01.2019ലെ നം. (സി.എസ്.)എ9/764/2019 സർക്കുലർ പ്രകാരം റേഷൻ ചില്ലറ വ്യാപാരികൾ തൊഴിൽ നികുതി ഒടുക്കേണ്ടതാണെന്ന് വ്യക്തത വരുത്തിയിട്ടുണ്ട്. സ്ഥാപനത്തിന്റെ പരിധിയിൽ 9 റേഷൻ കടകൾ ഉണ്ട്. ഇവയിൽ നിന്നും തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് പിരിച്ചെടുക്കുവാൻ സ്വീകരിച്ച നടപടി സംബന്ധിച്ച് വിശദാംശം പരിശോധനയ്ക്ക് ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ട് നൽകിയ അന്വേഷണ കുറിപ്പിന് (ഓഡിറ്റ് എൻകയറി നം. 3/2023-24, തീ.21.11.2024) ടി സ്ഥാപനങ്ങൾക്ക് ലൈസൻസ് ഫീസ് തൊഴിൽ നികുതി സ്ഥാപന നികുതി എന്നിവ അടവാക്കുന്നതിന് അറിയിപ്പ് നൽകുകയുണ്ടായെങ്കിലും കടയുടമകൾ പ്രസ്തുത ലൈസൻസ്, സ്ഥാപനനികുതി, തൊഴിൽ നികുതി എന്നിവ അടവാക്കിയിട്ടില്ലെന്നും ആയതിനാൽ പ്രസ്തുത നികുതികൾ അടവാക്കുന്നതിനുള്ള നിർദ്ദേശം നൽകുവാൻ താലൂക്ക് സപ്ലൈ ഓഫീസർക്ക് കത്ത് നൽകി തുടർ നടപടികൾ സ്വീകരിക്കുന്നതാണെന്നും മറുപടി ലഭ്യമാക്കി.

റേഷൻ കടകളിൽ നിന്നും കടിശ്ശിക ഉൾപ്പെടെ തൊഴിൽ നികുതി ഈടാക്കി വിവരങ്ങൾ ലഭ്യമാക്കി പരാമർശം ഒഴിവാക്കേണ്ടതാണ്.

1-14 തൊഴിൽ നികുതി – വിവിധ അപാകങ്ങൾ

ഗ്രാമപഞ്ചായത്തിന്റെ 2023-24 വർഷത്തെ തൊഴിൽ നികുതി പരിശോധിച്ചതിൽ കണ്ടെത്തിയ അപാകങ്ങൾ ചുവടെ ചേർക്കുന്നു.

1-15 അങ്കണവാടികളുടെ ഭൗതിക സാഹചര്യം തൃപ്തികരമല്ല

കുറ്റിച്ചൽ ഗ്രാമപഞ്ചായത്തിൽ ആകെ 21 അങ്കണവാടികളാണുള്ളത്. ഇവയിൽ ഏഴെണ്ണം വാടക കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നത്. 20 അങ്കണവാടികളിൽ നിലവിലും ബേബി ഫ്രണ്ട്ലി ടോയ്ലെറ്റ് സൗകര്യം സജ്ജമാക്കിയിട്ടില്ല. കൂടാതെ 3 അങ്കണവാടി കെട്ടിടങ്ങൾക്ക് ചുറ്റുമതിലും ഇല്ല. വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്നവയ്ക്ക് സ്വന്തമായി കെട്ടിടം നിർമ്മിക്കുന്നതിന് പദ്ധതി രൂപീകരിക്കുന്നതിന് പഞ്ചായത്ത് ഭരണ സമിതി നടപടി സ്വീകരിക്കേണ്ടതും വിദ്യാർത്ഥികളുടെ ആരോഗ്യവും സുരക്ഷയും ഉറപ്പാക്കുന്നതിനായി ബേബി ഫ്രണ്ട്ലി ടോയ്ലെറ്റുകൾ നിർമ്മിക്കുന്നതിനായി അടിയന്തിര നടപടി സ്വീകരിക്കുകയും ചെയ്യേണ്ടതാണ്.

1-16 തനത് വരുമാന വർദ്ധനവ് – സർക്കാർ നിർദ്ദേശം പാലിക്കേണ്ടതാണ്

1) കടിശ്ശിക രജിസ്റ്റർ പരിപാലിക്കേണ്ടതാണ്

സാമ്പത്തിക മാനേജ്മെന്റിന്റെ ക്രമമായ പുരോഗതിയ്ക്കായി തനത് വരുമാനത്തിലെ കുടിശ്ശികയും അത് ഏത് കാലയളവിലെ കുടിശ്ശികയാണെന്നും സൂചിപ്പിക്കുന്ന ഒരു രജിസ്റ്റർ തയ്യാറാക്കണമെന്ന് ആറാം ധനകാര്യ കമ്മീഷൻ ശുപാർശയുടെ അടിസ്ഥാനത്തിൽ 01.06.2022ലെ സർക്കാർ ഉത്തരവ് നം. സ.ഉ.(കൈ)നം.117/2022/LSGD പ്രകാരം നിർദ്ദേശിച്ചിട്ടുണ്ട്. ഇപ്രകാരം ഒരു കുടിശ്ശിക രജിസ്റ്റർ പരിപാലിക്കുന്നുണ്ടെങ്കിൽ ആയത് പരിശോധനയ്ക്ക് ലഭ്യമാക്കുവാനും ഇല്ലായെങ്കിൽ സർക്കാർ നിർദ്ദേശം പാലിക്കാത്തതിന്റെ കാരണം വ്യക്തമാക്കുവാനും നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (ഓഡിറ്റ് എൻകയറി നം. 05/തീ.21.11.2024) വസ്തു നികുതി സംബന്ധിച്ച രജിസ്റ്ററുകളും റിപ്പോർട്ടുകളും എല്ലാം തന്നെ സഞ്ചയ സോഫ്റ്റ്വെയറിലാണുള്ളത് എന്നും ആവശ്യമുള്ളപ്പോൾ പ്രിന്റ് എടുത്ത് സൂക്ഷിക്കാൻ കഴിയുന്നവയും ആയതുകൊണ്ട് ടി രജിസ്റ്റർ തയ്യാറാക്കിയിട്ടില്ലെന്ന് മറുപടി ലഭ്യമാക്കി.

2) നികുതി – നികുതിയേതര വരുമാനങ്ങളുടെ അവലോകനം നടത്തേണ്ടതാണ്

എല്ലാ നികുതി വരുമാനത്തിന്റെയും ഡി.സി.ബി. സ്റ്റേറ്റ്മെന്റ് തയ്യാറാക്കി കുറഞ്ഞത് മൂന്ന് മാസത്തിലൊരിക്കലെങ്കിലും പ്രാദേശിക സർക്കാരുകളുടെ യോഗത്തിൽ സമർപ്പിക്കേണ്ടതും പ്രാദേശിക സർക്കാർ ഭരണസമിതി, പ്രസ്തുത റിപ്പോർട്ട് ചർച്ച ചെയ്ത് ആവശ്യമായ നിർദ്ദേശങ്ങൾ ഉദ്യോഗസ്ഥർക്ക് നൽകേണ്ടതുമാണെന്ന് മേൽ ഉത്തരവിൽ നിർദ്ദേശിച്ചിട്ടുണ്ട്. കൂടാതെ നികുതി പിരിവിന്റെയും നികുതിയേതര വരവിന്റെയും അവലോകനം മൂന്ന് മാസത്തിലൊരിക്കൽ ഗ്രാമസഭകളിൽ നടത്തേണ്ടതാണെന്നും മേൽ ഉത്തരവിൽ വ്യക്തമാക്കിയിട്ടുണ്ട്. പ്രസ്തുത ഉത്തരവ് പാലിച്ചത് സംബന്ധിച്ച രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കുവാൻ നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (ഓഡിറ്റ് എൻകയറി നം. 05/തീ. 21.11.2024) കെട്ടിട നികുതി പിരിച്ചെടുക്കുന്നതുമായി ബന്ധപ്പെട്ട് ചെയ്യേണ്ടതായിട്ടുള്ള നടപടികൾ പഞ്ചായത്ത് ഭരണ സമിതി യോഗത്തിലും ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി യോഗത്തിലും ഗ്രാമസഭകളിലും ചർച്ച ചെയ്യുകയും ആയത് അടിയന്തരമായി പിരിച്ചെടുക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നും മറുപടി ലഭ്യമാക്കി.

3) കടിശ്ശിക നികുതി പിരിവ് പുരോഗതി വിവരം

കെട്ടിട നികുതിയിൽ വൻകുടിശ്ശിക വീഴ്ച വരുത്തുന്നവരുടെ പത്രിക ഗ്രാമപഞ്ചായത്തിന്റെ നോട്ടീസ് ബോർഡിലും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ വെബ്സൈറ്റിലും പ്രസിദ്ധീകരിക്കേണ്ടതാണെന്ന് ആറാം ധനകാര്യ കമ്മീഷൻ ശുപാർശയുടെ അടിസ്ഥാനത്തിൽ സ.ഉ(കൈ)നം.124/2022/തസ്വഭവ, തീ.15.06.2022 പ്രകാരം വ്യക്തമാക്കിയിട്ടുണ്ട്. കൂടാതെ വിവിധ നികുതി നികുതിയേതര തുകകൾ അടയ്ക്കുന്നതിൽ വീഴ്ച വരുത്തുന്നവരുടെ പേരുവിവരങ്ങൾ ബന്ധപ്പെട്ട ഗ്രാമപഞ്ചായത്തിന്റെ വെബ് സൈറ്റുകളിൽ പ്രസിദ്ധീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണെന്നും ഏതു തുകയ്ക്കുമേൽ വീഴ്ച വരുത്തുന്നവരുടെ പേരുകളാണ് പ്രസിദ്ധീകരിക്കേണ്ടതെന്ന് അതത് ഗ്രാമപഞ്ചായത്തുകൾക്ക് തീരുമാനിക്കാം എന്നും വ്യക്തമാക്കിയിട്ടുണ്ട്. ഇപ്രകാരം കുടിശ്ശിക വിവരം പ്രസിദ്ധീകരിക്കുന്നതിനായി ഗ്രാമപഞ്ചായത്ത് ഭരണ സമിതിയിൽ തീരുമാനം കൈക്കൊണ്ടിട്ടുണ്ടെങ്കിൽ ആയത് പരിശോധനയ്ക്ക് ലഭ്യമാക്കുന്നതിനായി നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (ഓഡിറ്റ് എൻകയറി നം. 05/തീ. 21.11.2024) കെട്ടിട നികുതി അടവാക്കുന്നതിൽ വീഴ്ച വരുത്തിയിട്ടുള്ള കെട്ടിടങ്ങളുടെ ഉടമസ്ഥർക്കെതിരെ റവന്യൂ റിക്കവറി നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന മറുപടി ലഭ്യമാക്കി.

4) തനത് വരുമാനം പൂർണ്ണമായും പിരിച്ചെടുത്തിട്ടില്ല

ഗ്രാമപഞ്ചായത്തിന്റെ 2023-24 വാർഷിക ധനകാര്യ പത്രിക പ്രകാരം പിരിച്ചെടുക്കാൻ അവശേഷിക്കുന്ന വിവിധ നികുതി നികുതിയേതര വരുമാനങ്ങളുടെ വിവരം ചുവടെ ചേർക്കുന്നു.

Receivables For Property Tax On Residential Buildings(Current)	രൂ.193070
Receivables For Property Tax On Residential Buildings (Arrears)	രൂ.192801
Receivables For Property Tax On Non-Residential Building(Current)	രൂ.395850
Receivables For Property Tax On Non-Residential Buildings (Arrears)	രൂ.421431
Rent Receivables From Buildings(Current)	രൂ.24300
Rent Receivables From Buildings(Arrears)	രൂ.8400
Receivables Towards Market Receipts(Arrears)	രൂ.68333
Receivables Towards Usufructs Of Trees(Arrears)	രൂ.1935

സ.ഉ(കൈ)നം.179/2022/ധന., തീ. 18/10/2022 ഉത്തരവ് പ്രകാരം ഡിമാന്റ് ചെയ്യപ്പെടുന്ന തനത് വരുമാനത്തിന്റെ 90% എങ്കിലും ശേഖരിക്കാത്ത പ്രാദേശിക സർക്കാരുകളുടെ വികസന ഫണ്ടിൽ നിന്നും ഒരു ശതമാനം കുറവ് ചെയ്യുന്നതാണ്. തനത് വരുമാനം പിരിച്ചെടുക്കുന്നതിലെ കുറവ് വികസന ഫണ്ടിന്റെ ലഭ്യതയെ ബാധിക്കുമെന്നിരിക്കെ, തനത് വരുമാനം പൂർണ്ണമായും പിരിച്ചെടുക്കാത്തത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (ഓഡിറ്റ് എൻകയറി നം. 05/തീ. 21.11.2024) പഞ്ചായത്തിൽ കെട്ടിട നികുതി

കടിശ്ശികയുള്ള നികുതി ദായകർക്ക് നോട്ടീസ് നല്കിയിട്ടുണ്ടെന്നും നികുതി ഒടുക്കുന്നതിനായി നിർദേശം നേരിട്ട് നൽകിയെങ്കിലും ഇത അടവാക്കാത്തിനാൽ നിലവിൽ ടി നികുതിദായകരുടെ പേരിൽ റവന്യൂ റിക്കവറി നടപടികൾ സ്വീകരിച്ചെന്നും മറുപടി ലഭ്യമാക്കി.

ഈ വിഷയത്തിൽ നികുതിയിതിര/നികുതി പിരിവിന്റെ പുരോഗതി റിപ്പോർട്ട് ലഭ്യമാക്കി പരാമർശം ഒഴിവാക്കേണ്ടതാണ്. ഭരണ സമിതിയുടെ സജീവ ശ്രദ്ധ വിഷയത്തിലേയ്ക്ക് ക്ഷണിക്കുന്നു.

1-17 വൃദ്ധസദന കെട്ടിട നിർമ്മാണം-കോൺക്രീറ്റ് കോളങ്ങൾ നിർമ്മിച്ചതിന്റെ വ്യാപ്തം സോളിഡ് ബ്ലോക്ക് മേസണറിയിൽ കുറവ് ചെയ്തതിന് വ്യക്തതയില്ല

പ്രോജക്ട് നമ്പർ	138/24 (സ്പിൽ ഓവർ)	
പേര്	വൃദ്ധസദന കെട്ടിട നിർമ്മാണം പൂർത്തീകരണം -വാർഡ്-9	
ഫണ്ട്	അടങ്കൽ	ചെലവ്
വികസന ഫണ്ട്, പൊതുവിഭാഗം സാധാരണ വിഹിതം	രൂ.658437/-	രൂ.634688/-
കരാറുകാരൻ	ശ്രീ. അനിൽകുമാർ വി.	
നിർവ്വഹണ ഉദ്യോഗസ്ഥൻ	അസി. എഞ്ചിനീയർ	

LSGD/CELSGD/EST/74267/2022-5-1-1] Annual Plan-Kuttichal GP 2022-23 Project No.151-Completion Of Oldage Home At Kottoor – II Stage (Ward 9)-General എന്ന മേൽ പ്രവൃത്തിയുടെ രണ്ടാം നിലയുടെ ലിന്റൽ വരെയും ലിന്റൽ മുതൽ റൂഫ് വരെയുമുള്ള എം. ബുക്ക് ഇനം യഥാക്രമം 7, 15 എന്നിവ പ്രകാരം നിർവ്വഹിച്ച DSR 5.2.2 – കോളം നിർമ്മാണത്തിന്റെ വിവരം ചുവടെ ചേർക്കുന്നു.

M Book Sl. No.	Item Description	No	Length (M)	Width (M)	Height (M)	Quantity (Cum)
7	Column RCC Upto 2.10m Ht					
	Columns	12	0.23	0.35	2.10	2.02900
	Columns, Main	2	0.23	0.40	2.10	0.38600
	Total					**2.41500 Cum**

M Book Sl. No.	Columns After Lintel Upto Beam Bottom					
15	Columns	12	0.23	0.35	0.55	0.53100
		2	0.23	0.40	0.25	0.04600
	Total					**0.57700 Cum**

തുടർന്ന് എം. ബുക്ക് ഇനം-8 പ്രകാരമുള്ള DSR 50.6.1.8 സോളിഡ് ബ്ലോക്ക് മേസണറി പ്രവൃത്തിയുടെ വിവരം താഴെ പറയും പ്രകാരമാണ്.

M Book Sl. No.	Solid Block Masonry					Normal Measurement
8	Walls Upto Lintel Level,	2	10.35	0.15	2.10	6.52100
		3	2.85	0.15	2.10	2.69300
		2	3.20	0.15	2.10	2.01600
		1	0.60	0.15	2.10	0.18900
		2	2.98	0.15	2.10	1.87700
		1	2.05	0.15	2.10	0.64600
		2	2.9	0.15	2.10	1.82700
		3	2.45	0.15	2.10	2.31500
	Deductions,Pillars	-4	0.25	0.15	2.10	-0.31500
	Doors	-3	1.10	0.15	2.10	-1.03900
	Windows, W3	-6	1.5	0.15	1.50	-2.02500
	W2	-1	1.00	0.15	1.50	-0.22500
	W1	-1	0.50	0.15	1.20	-0.09000
	Ventilators, V	-3	0.50	0.15	0.50	-0.11200
	Opening	-1	0.70	0.15	1.20	-0.12600
	Total					**14.15200 Cum**

എം. ബുക്ക് ക്രമ നമ്പർ 7 പ്രകാരം ലിന്റൽ വരെയും, ക്രമ നമ്പർ 15 പ്രകാരം ലിന്റലിന് മുകളിലേയ്ക്കും ചെയ്ത 14 എണ്ണം തൂണുകൾ, ക്രമ നമ്പർ 8 പ്രകാരം ചെയ്ത 'Solid Block Masonry' പ്രവൃത്തിയിൽ നിന്നും കുറവ് ചെയ്തിട്ടില്ല. കുറവ് ചെയ്ത നാല് തൂണുകളുടെ അളവ് ക്രമ നമ്പർ 7, 15 എന്നിവ പ്രകാരം ചെയ്ത തൂണുകളുടെ അളവുമായി പൊരുത്തപ്പെടുന്നുമില്ല. തൂണുകൾ എല്ലാം തന്നെ ചുമരുകൾക്കിടയിലായി ചെയ്തിട്ടുള്ളവയാണ്. ആയതിനാൽ കോളങ്ങൾ നിർമ്മിച്ചതിന് ആനുപാതികമായ അളവുകൾ Solid Block Masonry എന്ന പ്രവൃത്തിയിൽ കുറവ് ചെയ്യേണ്ടതാണ്. എന്നാൽ മേൽപ്പറഞ്ഞ അളവുകൾ പ്രകാരം 0.25x0.15x2.10 അളവുകളിലുള്ള 4 കോളങ്ങൾ മാത്രമാണ് Solid Block Masonry-ൽ കുറവ് ചെയ്തിട്ടുള്ളത്. 29.11.2024ന് ഓഡിറ്റ് ടീം അസി. എഞ്ചിനീയറുടെ സാന്നിദ്ധ്യത്തിൽ നടത്തിയ സ്ഥലപരിശോധനയിൽ Solid Block Masonry-ൽ കോളങ്ങൾ കുറവ് ചെയ്തത് സംബന്ധിച്ച അളവുകൾ കൃത്യതയോടെ ബോധ്യപ്പെടുത്താൻ നിലവിലെ അസിസ്റ്റന്റ് എൻജിനീയർക്ക് കഴിഞ്ഞിട്ടില്ല. ഓഡിറ്റ് അന്വേഷണം നം.18/തീ.28.11.2024-നുള്ള മറുപടിയിൽ Solid Block Masonry എന്ന പ്രവൃത്തിയിൽ നിന്നും 4 കോളങ്ങൾ മാത്രമേ കുറവ് ചെയ്യേണ്ടതുള്ളൂ എന്നും ബാക്കി എം. ബുക്കിലെ അളവുകൾ കോളങ്ങൾ ഒഴികെയുള്ള അളവുകളാണെന്നും മുൻ അസിസ്റ്റന്റ് എൻജിനീയർ മറുപടി നൽകിയിട്ടുണ്ട്. കോളങ്ങൾ നിർമ്മിച്ചതിന് ആനുപാതികമായ അളവുകൾ Solid Block Masonry എന്ന പ്രവൃത്തിയിൽ കുറവ് ചെയ്തിട്ടുണ്ടോ എന്നും കുറവ് ചെയ്തതിന് ശേഷമുള്ള അളവുകൾക്ക് അനുസരിച്ചാണോ കരാറുകാരന് ഇത അനുവദിച്ചിട്ടുള്ളതെന്നും വ്യക്തമാക്കുന്ന വിശദമായ റിപ്പോർട്ട് നിലവിലെ അസിസ്റ്റന്റ് എൻജിനീയർ പരിശോധിച്ച് ലഭ്യമാക്കേണ്ടതാണ്.

1-18 Mixed Seal Surface By Mechanical Means എന്ന പ്രവൃത്തി റോഡ് നിർമ്മാണത്തിനായി ഉപയോഗപ്പെടുത്തുന്നില്ല

ടാറിംഗ് പ്രവൃത്തികൾ പരിശോധിച്ചതിൽ ടാക്ക് കോട്ടിന് ശേഷം ഓപ്പൺ ഗ്രേഡഡ് ആയ 20mm ചിപ്പിംഗ് കാർപ്പറ്റ് എന്ന പ്രവൃത്തിയും അതിനുശേഷം സീൽ കോട്ട് എന്ന പ്രവൃത്തിയും ചെയ്യുന്നതായി ഫയൽ പരിശോധനയിൽ വ്യക്തമായിട്ടുണ്ട്. എന്നാൽ ക്ലോസ്ഡ് ഗ്രേഡ് ആയ മിക്സ്ഡ് സീൽ സർഫസ് By Mechanical Means എന്ന പ്രവൃത്തി ടാക്ക് കോട്ടിന് ശേഷം ചെയ്താൽ സീൽ കോട്ട് എന്ന പ്രവൃത്തി ഒഴിവാക്കാൻ സാധിക്കുന്നതാണ്. കൂടാതെ ടി പ്രവൃത്തി മെക്കാനിക്കൽ Paver ഉപയോഗിച്ചാണ് പൂർത്തിയാക്കുന്നത്. 20mm ചിപ്പിംഗ് കാർപ്പറ്റ് എന്ന പ്രവൃത്തിയും അതിനു ശേഷം സീൽ കോട്ട് എന്ന പ്രവൃത്തിയും ചെയ്യുന്നതിനേക്കാൾ ലാഭകരമാണ് മിക്സ്ഡ് സീൽ സർഫസ് എന്ന പ്രവൃത്തി ചെയ്യുന്നത്. വിശദ വിവരം ചുവടെ ചേർക്കുന്നു.

MORD സ്പെസിഫിക്കേഷൻ കോഡ്	പ്രവൃത്തി	MORD സ്പെസിഫിക്കേഷൻ പ്രകാരമുള്ള നിരക്ക് (35.59% കോസ്റ്റ് ഇൻഡക്സ് ഉൾപ്പെടെ)
5.9.1.2a	20 Mm ചിപ്പിംഗ് കാർപ്പറ്റ്	211.79/Sqm
5.12.A.3.2a	സീൽ കോട്ട്	90.08/Sqm
ആകെ		301.87/Sqm
5.11.2.B.2a	മിക്സ്ഡ് സീൽ സർഫസ് By Mechanical Means	220.02/Sqm

മിക്സ് സീൽ സർഫസിംഗ് ടാറിംഗ് പ്രവൃത്തികളിൽ ഉപയോഗപ്പെടുത്തിയിട്ടുണ്ടോ എന്നത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണം നം.17/തീ. 28.11.2024-നുള്ള മറുപടിയിൽ അടുത്ത സാമ്പത്തിക വർഷം മുതൽ മിക്സ്ഡ് സീൽ സർഫസ് എന്ന പ്രവൃത്തി നടത്താമെന്ന് അറിയിച്ചിട്ടുണ്ട്.

1-19 വൃദ്ധസദനം – കെട്ടിട നിർമ്മാണം പൂർത്തിയാക്കി പ്രവർത്തനസജ്ജമാക്കിയില്ല

പ്രോജക്ട് നം.	138/24	
പേര്	വൃദ്ധസദന കെട്ടിട നിർമ്മാണം പൂർത്തീകരണം – വാർഡ്-9	
ഫണ്ട്	അടങ്കൽ (രൂ.)	ചെലവ് (രൂ.)
വികസന ഫണ്ട് – പൊതുവിഭാഗം സാധാരണ വിഹിതം	658437	634688
നിർവ്വഹണ ഉദ്യോഗസ്ഥൻ	അസി. എഞ്ചിനീയർ	

വാർഡ് 9-ലെ വൃദ്ധസദനത്തിന്റെ കെട്ടിട നിർമ്മാണം 2019-20ൽ ആരംഭിച്ചെങ്കിലും നാളിതുവരെ ആയത് പൂർത്തിയാക്കിയിട്ടില്ല. കെട്ടിട നിർമ്മാണത്തിനായി നാളിതുവരെ ചെലവായ തുക സംബന്ധിച്ച വിശദ വിവരം ചുവടെ ചേർക്കുന്നു.

വർഷം	ചെലവഴിച്ച തുക (രൂ.)
2019-20	550457
2021-22	965432
2022-23	876251
2023-24	634688
ആകെ	3026828

2019-20ൽ നിർമ്മാണം ആരംഭിച്ച് നാളിതുവരെ 30,26,828/- രൂപ ചെലവാക്കിയിട്ടും നിലവിൽ കെട്ടിടം പ്ലാസ്റ്ററിംഗ് പ്രവൃത്തി മാത്രം പൂർത്തിയായ അവസ്ഥയിലാണെന്ന് 29.11.2024ന് ഓഡിറ്റ് ടീം നടത്തിയ സ്ഥല പരിശോധനയിൽ വ്യക്തമായിട്ടുണ്ട്. കെട്ടിടത്തിന്റെ ചിത്രം ചുവടെ ചേർക്കുന്നു.



വൃദ്ധസദനത്തിന്റെ കെട്ടിട നിർമ്മാണം പൂർത്തിയാക്കി പ്രവർത്തന സജ്ജമാക്കാത്തതിനുള്ള വിശദീകരണം ലഭ്യമാക്കേണ്ടതാണ്. കെട്ടിട നിർമ്മാണ പ്രോജക്ടുകൾ ഏറ്റെടുക്കുമ്പോൾ, കെട്ടിടം പൂർണ്ണമായും പ്രവർത്തന സജ്ജമാകുന്ന രീതിയിൽ സിവിൽ, ഇലക്ട്രിക്, പ്ലംബിംഗ് ഉൾപ്പെടെയുള്ള പണികൾക്ക് സമ്പൂർണ്ണ എസ്റ്റിമേറ്റ് തയ്യാറാക്കി, അതനുസരിച്ച് പണം വകയിരുത്തി പദ്ധതികൾ തയ്യാറാക്കേണ്ടതാണ്. കെട്ടിടനിർമ്മാണം പൂർത്തിയാക്കി വിവരം അറിയിക്കേണ്ടതാണ്.

1-20 ബയോ കമ്പോസ്റ്റ് ബിന്നുകൾ വിതരണം ചെയ്തില്ല

പ്രോജക്ട് നമ്പർ	169/24 – സ്പിൽ ഓവർ	
പേര്	ബയോ കമ്പോസ്റ്റ് ബിൻ ജനറൽ	
നിർവ്വഹണം	വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ	
ഫണ്ട്	അടങ്കൽ (രൂ.)	ചെലവ് (രൂ.)
കേന്ദ്രാവിഷ്കൃത ഫണ്ട്	194400	156618
ഗുണഭോക്തൃ വിഹിതം	21600	21483
ആകെ	216000	178101

മേൽ പദ്ധതിയിൽ 1,799/- രൂപക്ക് 99 ബയോ കമ്പോസ്റ്റ് ബിന്നുകൾ സോഷ്യോ എക്കണോമിക് യൂണിറ്റ് ഫൗണ്ടേഷൻ എന്ന സ്ഥാപനത്തിൽ നിന്നും വാങ്ങിയിട്ടുണ്ട്. സ്റ്റോക്ക് രജിസ്റ്റർ പരിശോധിച്ചതിൽ 4 ബയോ കമ്പോസ്റ്റ് ബിന്നുകൾ ഗുണഭോക്താക്കൾക്ക് വിതരണം ചെയ്തിട്ടില്ല എന്ന് വ്യക്തമായിട്ടുണ്ട്. മേൽ വിഷയം സംബന്ധിച്ച ഓഡിറ്റ് അന്വേഷണം നം.22/തീ.29.11.2024-ന് മറുപടി ലഭ്യമാക്കിയില്ല. ഗുണഭോക്തൃവിഹിതം ഒടുക്കിയിട്ടുള്ള ഗുണഭോക്താക്കൾക്ക് ബയോ കമ്പോസ്റ്റ് ബിന്നുകൾ അടിയന്തിരമായി വിതരണം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വിവരം അറിയിക്കേണ്ടതാണ്.

1-21 ആശ്രയ - അഗതിരഹിത കേരളം പദ്ധതി - ചെലവ് വിവരം ലഭ്യമാക്കിയില്ല 2,00,000/- രൂപ തടസ്സപ്പെടുത്തുന്നു

പ്രോജക്ട് നമ്പർ	76/24	
പേര്	ആശ്രയ - അഗതിരഹിത കേരളം	
ബിൽ നം./തീയതി	582/25.03.2024	
നിർവ്വഹണം	വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ (കൂറ്റിച്ചൽ സർക്കിൾ)	
ഫണ്ട്	അടങ്കൽ (രൂ.)	ചെലവ് (രൂ.)
വികസന ഫണ്ട് - പൊതുവിഭാഗം സാധാരണ വിഹിതം	200000	200000

മേൽ പദ്ധതിയിൽ ജില്ലാ പഞ്ചായത്തിലേക്ക് പദ്ധതി തുക ട്രാൻസ്ഫർ ചെയ്യേണ്ടതിന് പകരം ടി തുക കമ്മ്യൂണിറ്റി ഡെവലപ്മെന്റ് സൊസൈറ്റിയുടെ അക്കൗണ്ടിലേക്ക് നേരിട്ട് ട്രാൻസ്ഫർ ചെയ്തിട്ടുണ്ട്. CDS അക്കൗണ്ട് പാസ്ബുക്ക് പരിശോധിച്ചതിൽ യൂണിയൻ ബാങ്കിന്റെ കൂറ്റിച്ചൽ ശാഖയിലുള്ള 403002010011198 നമ്പർ അക്കൗണ്ടിൽ 28.03.2024ന് തുക ക്രഡിറ്റ് ആയിട്ടുണ്ടെങ്കിലും ബന്ധപ്പെട്ട തുകയുടെ ചെലവ് വിവരം ലഭ്യമാക്കിയിട്ടില്ല. ജില്ലാ പഞ്ചായത്തിലേക്ക് തുക ട്രാൻസ്ഫർ ചെയ്യാതെ നേരിട്ട് കമ്മ്യൂണിറ്റി ഡെവലപ്മെന്റ് സൊസൈറ്റിയുടെ അക്കൗണ്ടിലേക്ക് തുക നൽകിയതിന്റെ കാരണം വ്യക്തമല്ല. മേൽ വിഷയം സംബന്ധിച്ച ഓഡിറ്റ് അന്വേഷണം നം.22/തീ.29.11.2024ന് മറുപടി ലഭ്യമാക്കിയിട്ടില്ല. പദ്ധതിയുടെ ചെലവ് വിവരം ലഭ്യമാക്കേണ്ടതും കമ്മ്യൂണിറ്റി ഡെവലപ്മെന്റ് സൊസൈറ്റിയുടെ അക്കൗണ്ടിലേക്ക് പദ്ധതി തുക നേരിട്ട് ട്രാൻസ്ഫർ ചെയ്തതിനുള്ള വിശദീകരണം ലഭ്യമാക്കേണ്ടതുമാണ്. ചെലവ് വിവരം ലഭ്യമാക്കാത്തതിനാൽ കമ്മ്യൂണിറ്റി ഡെവലപ്മെന്റ് സൊസൈറ്റിയുടെ അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്ത 2,00,000/- രൂപ തടസ്സപ്പെടുത്തുന്നു. ചെലവ് വിവരം ലഭ്യമാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

1-22 NREGS - മെറ്റീരിയൽ വർക്ക് - ഇ.എം.ഡി തുക ട്രാൻസ്ഫർ ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചില്ല

NREGS - മെറ്റീരിയൽ വർക്കിനായി ഇ-ടെണ്ടർ ചെയ്ത പ്രവൃത്തികളുടെ ഇ.എം.ഡി തുകകൾ ജില്ലാ പഞ്ചായത്തിന്റെ അക്കൗണ്ടിലേക്കാണ് ട്രാൻസ്ഫർ ചെയ്തിട്ടുള്ളത്. ടെണ്ടർ സംബന്ധിച്ച വിശദ വിവരം ചുവടെ ചേർക്കുന്നു.

പ്രവൃത്തിയുടെ പേര്	ബിഡ് ഐ.ഡി.	കരാറുകാരന്റെ പേര്	ഇ.എം.ഡി (രൂ.)
എലിമല വാർഡിൽ അംഗൻവാടി നിർമ്മാണം	1778359	ശ്രീകല .എസ്	15800
അരുകിൽ വാർഡ് - 112 അംഗൻവാടി നിർമ്മാണം	1778256	ബിനിൽ കുമാർ.എ	15500

ജില്ലാ പഞ്ചായത്തിന്റെ അക്കൗണ്ടിൽ നിന്നും മേൽപ്പറഞ്ഞ പ്രവൃത്തികളുടെ ഇ.എം.ഡി ആയി ട്രാൻസ്ഫർ ചെയ്യപ്പെട്ടിട്ടുള്ള തുകകൾ പഞ്ചായത്തിന്റെ NREGS അക്കൗണ്ടിലേക്ക് മാറ്റുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടില്ല. മേൽവിഷയം സംബന്ധിച്ച ഓഡിറ്റ് അന്വേഷണം നം.21/തീ.29.11.2024-ന് മറുപടി ലഭ്യമാക്കിയില്ല. ഇ.എം.ഡി ആയി ട്രാൻസ്ഫർ ചെയ്യപ്പെട്ടിട്ടുള്ള തുകകൾ പഞ്ചായത്തിന്റെ NREGS അക്കൗണ്ടിലേക്ക് മാറ്റുന്നതിനുള്ള അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

1-23 ലൈഫ് ഭവന പദ്ധതി (എസ്.റ്റി) - ക്രമവിരുദ്ധമായി അനുവദിച്ച തുക തിരികെ ഈടാക്കിയില്ല

ഇന്ദിരാ ആവാസ് യോജന പദ്ധതി പ്രകാരം അനുവദിച്ച വാസയോഗ്യമായ വീട് നിലനിൽക്കേ ലൈഫ് ഭവന പദ്ധതി(എസ്.റ്റി) പദ്ധതിയിൽ 2022-23 വർഷം ശ്രീ. സുരേന്ദ്രൻ എന്ന ഗുണഭോക്താവിന് 90,000/- രൂപ അനുവദിച്ചിട്ടുണ്ട്. തുക അനുവദിച്ചത് സംബന്ധിച്ച വിശദാംശം ചുവടെ ചേർക്കുന്നു.

പ്രോജക്ട് നമ്പർ	165/23
പേര്	ലൈഫ് ഭവന പദ്ധതി (എസ്.റ്റി.)
നിർവ്വഹണ ഉദ്യോഗസ്ഥൻ	വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ, കോട്ടൂർ സർക്കിൾ
തുക/ബിൽ നം./തീയതി	രൂ.90000/-, 500/20.03.2023

രജിസ്റ്റർ പരിശോധിച്ചതിൽ ഇന്ദിര ആവാസ് യോജന പ്രകാരം ഗുണഭോക്താവിന് അനുവദിച്ച വാസയോഗ്യമാക്കാവുന്ന വീട് നിലനിർത്തിക്കൊണ്ട് അതിനോട് ചേർത്ത് ബേസ്മെന്റ് പണിതിട്ടുണ്ടെന്നും ആയത് ലൈഫ് ഭവന പദ്ധതി മാർഗ്ഗനിർദ്ദേശങ്ങൾക്ക് വിരുദ്ധമായതിനാൽ തുടർന്ന് ഭവന നിർമ്മാണ ധനസഹായം അനുവദിക്കുന്നതിനായി ഭരണ സമിതിയുടെ അംഗീകാരം ആവശ്യമായതിനാൽ 30.04.2024ന് ഇത് സംബന്ധിച്ച് ഭരണ സമിതിക്ക് കത്ത് നൽകിയിട്ടുണ്ടെന്നും വി.ഇ.ഒ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഗുണഭോക്താവിന് തുടർന്ന് ഭവന നിർമ്മാണ ധനസഹായത്തിന്റെ ഗഡുക്കൾ ഒന്നും തന്നെ അനുവദിച്ചിട്ടില്ല.മേൽ വിഷയവുമായി ബന്ധപ്പെട്ട് ഭരണ സമിതി തീരുമാനം എടുത്തിട്ടുണ്ടോ എന്നത് സംബന്ധിച്ച വിവരങ്ങൾ ലഭ്യമല്ല. വിശദാംശങ്ങൾ ലഭ്യമാക്കാനായി നൽകിയ ഓഡിറ്റ് അന്വേഷണം (നം.23/തീ.29.11.2024)ന് മറുപടി ലഭ്യമാക്കിയില്ല. ലൈഫ് ഭവന പദ്ധതി മാർഗ്ഗനിർദ്ദേശങ്ങൾക്ക് വിരുദ്ധമായാണ് ഗുണഭോക്താവ് ഭവന നിർമ്മാണം നടത്തിയിട്ടുള്ളതെങ്കിൽ ടിയാന് ഭവന നിർമ്മാണ ധനസഹായമായി അനുവദിച്ച ആദ്യ ഗഡുവായ 90,000/- രൂപ തിരികെ ഈടാക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

1-24 ലൈഫ് ഭവന പദ്ധതി - ഭവന നിർമ്മാണം പൂർത്തിയാക്കിയില്ല

ലൈഫ് ഭവന പദ്ധതിയുമായി ബന്ധപ്പെട്ട രജിസ്റ്റർ പരിശോധിച്ചതിൽ ചുവടെ പറയുന്ന ഗുണഭോക്താക്കൾ പദ്ധതി ആനുകൂല്യം കൈപ്പറ്റിയെങ്കിലും നാളിതുവരെ ഭവന നിർമ്മാണം പൂർത്തിയാക്കിയിട്ടില്ല എന്ന് കാണുന്നു.

ലൈഫ് ഭവന നിർമ്മാണം (എസ്.റ്റി,അഡിഷണൽ ലിസ്റ്റ്) 133/2021-22	ഗുണഭോക്താവിന്റെ പേര്	അനുവദിച്ച തുക/തീയതി
	നിഷ എസ്.	രൂ.40000/- 13.10.2021

	സുനിത എസ്.	ത്ര.40000/– 13.10.2021, ത്ര.160000/– 31.01.2022
ലൈഫ് ഭവന നിർമ്മാണം (എസ്.റ്റി, അഡിഷണൽ ലിസ്റ്റ്) 66/2022–23	ബിന്ദു.കെ	ത്ര.40000/– 25.02.2023, ത്ര.160000/– 14.07.2023
ലൈഫ് ഭവന നിർമ്മാണം(പട്ടികജാതി) 75/2018–19	സരസമ്മ	ത്ര.40000/– 19.01.2019, ത്ര.160000/– 07.08.2019
ലൈഫ് ഭവന നിർമ്മാണം(പട്ടിക വർഗ്ഗം) 51/2021–22	രജിത്ത് ആർ. ആർ	ത്ര.90000/– 24.09.2021

ടി ഗുണഭോക്താക്കൾ ഭവനനിർമ്മാണം ആരംഭിച്ചിട്ടുണ്ടോ എന്നും ടി വിഷയത്തിൽ സ്വീകരിച്ച തുടർനടപടികളും വ്യക്തമാക്കാനായി നൽകിയ ഓഡിറ്റ് അന്വേഷണം (നം.23/തീ.29.11.2024)ന് മറുപടി ലഭ്യമാക്കിയില്ല. തുടർനടപടി വിവരങ്ങൾ അറിയിക്കേണ്ടതാണ്.

1–25 ഹരിതകർമ്മസേന മാലിന്യ സംസ്കരണം – പ്രവർത്തന അവലോകനം

സമഗ്രവും സുസ്ഥിരവുമായ മാലിന്യ സംസ്കരണ സംവിധാനങ്ങൾ ഏർപ്പെടുത്തുന്നതിനുള്ള പ്രോജക്ടുകൾ 2023–24 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി നിർവഹിക്കണമെന്ന് സ.ഉ.(സാ.ധാ)നം.989/23/ത.സ്വ.ഭ.വ, തീ. 06.05.2023 നമ്പർ ഉത്തരവ് പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് സർക്കാർ നിർദ്ദേശം നൽകിയിരുന്നു. മാലിന്യ സംസ്കരണത്തിനായി കുറ്റിച്ചൽ ഗ്രാമപഞ്ചായത്ത് നടപ്പിലാക്കി വരുന്ന പദ്ധതികളുടെയും പ്രവർത്തനങ്ങളുടെയും വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

മാലിന്യം ഉറവിടത്തിൽ തരംതിരിക്കൽ

പഞ്ചായത്തിലെ 14 വാർഡുകളിൽ നിന്നും 100% വാതിൽപ്പടി ശേഖരണം നടക്കുന്നില്ല. തൻവർഷം 63% കളക്ഷനാണ് നടന്നിട്ടുള്ളത്. ഉറവിടത്തിൽ തന്നെ മാലിന്യം തരം തിരിക്കുന്നതിനായി വ്യത്യസ്ത നിറത്തിലുള്ള ബിന്നുകൾ, ബക്കറ്റുകൾ എന്നിവ നൽകിയിട്ടില്ല. ആശുപത്രികളിൽ നിന്നും ബയോമെഡിക്കൽ മാലിന്യം ഇമേജ് എന്ന സ്ഥാപനം വഴിയാണ് നീക്കം ചെയ്യുന്നത്. വീടുകളിൽ നിന്നും ശേഖരിക്കപ്പെടുന്ന പ്ലാസ്റ്റിക് മാലിന്യം മിനി എം.സി.എഫ്.–കൾ ശേഖരിക്കുകയും എം.സി.എഫ്.–ൽ എത്തിച്ച് സി.കെ.സി എന്ന സ്ഥാപനത്തിനാണ് കൈമാറുന്നത്.

2016ലെ ഖരമാലിന്യ പരിപാലന ചട്ടങ്ങൾ പ്രാവർത്തികമാക്കുന്നതിനായി 20.05.2023ലെ സ.ഉ.(സാ.ധാ)1068/23/LSGD നമ്പർ ഉത്തരവ് പ്രകാരം നാപ്കിനുകൾ, സാനിറ്ററി പാഡുകൾ എന്നിവ സംസ്കരിക്കുന്നതിനായി പഞ്ചായത്തിന് കീഴിലുള്ള സാംസ്കാരിക നിലയങ്ങൾ സർക്കാർ സ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ 16 ഇൻസിനറേറ്ററുകൾ സ്ഥാപിച്ചിട്ടുണ്ട്.

മാലിന്യങ്ങൾ ഇല്ലാത്ത പൊതു ഇടങ്ങൾ

ഖരമാലിന്യ ചട്ടങ്ങൾ പ്രാവർത്തികമാക്കുന്നതിനായി ജനങ്ങളിൽ അവബോധം സൃഷ്ടിക്കുന്നതിനായി വിവിധ ക്യാമ്പുകൾ നടത്തിയിട്ടുണ്ട്. മാലിന്യ ചട്ടങ്ങൾ ലംഘിക്കുന്നവർക്ക് എതിരെ നടപടി സ്വീകരിക്കുന്നതിന് വിജിലൻസ് സ്ക്വാഡ് രൂപീകരിച്ചിട്ടുണ്ട്. നോഡൽ ഓഫീസറായി വി.ഇ.ഒ.–യെ ചുമതലപ്പെടുത്തിയിട്ടുണ്ട്. മാലിന്യ ചട്ടങ്ങൾ ലംഘിക്കുന്നവർക്ക് നോട്ടീസ് നൽകിയിട്ടുണ്ടെങ്കിലും പിഴ ഈടാക്കിയിട്ടില്ല.

എം.സി.എഫ് / മിനി എം.സി.എഫ്

പഞ്ചായത്തിലെ വിവിധ വാർഡുകളിലായി 14 മിനി എം.സി.എഫും ഒരു എം.സി.എഫും നിലവിലുണ്ട്. എം.സി.എഫ്.–ൽ മാലിന്യങ്ങൾ സോട്ടിംഗ് നടത്തുന്നതിന് ആവശ്യമായ യന്ത്രങ്ങൾ ഒന്നും സ്ഥാപിച്ചിട്ടില്ല. എം.സി.എഫിൽ ഡബ്ബിങ് ഏരിയ, സോട്ടിങ് ഏരിയ, സ്റ്റോറേജ് ഏരിയ എന്നിവ വേർതിരിച്ചിട്ടില്ല.

ജലസ്രോതസ്സുകൾ നിന്ന് മാലിന്യം നീക്കം ചെയ്യുന്നതി നുള്ള പ്രവർത്തനങ്ങൾ

ജലസ്രോതസ്സുകളിൽ നിന്ന് മാലിന്യ നീക്കം ചെയ്യുന്നതിനായി എം.എൻ.ആർ.ഇ.ജി.എസ് പ്രവൃത്തിയിൽ ഉൾപ്പെടുത്തി 50 തോടുകൾ വൃത്തിയാക്കിയിട്ടുണ്ട്. കൂടാതെ മാലിന്യ സംസ്കരണത്തിനായി 9 സോക്ക്പിറ്റുകളും 3 കമ്പോസ്റ്റ് പിറ്റും നിർമ്മിച്ചിട്ടുണ്ട്.

31.03.2023ലെ സ.ഉ(സാ.ധാ)നം.789/23/LSGD ഉത്തരവ് പ്രകാരം ഹരിത കർമ്മ സേനയ്ക്ക് യൂസർഫീ നൽകുന്നതിൽ വീഴ്ച വരുത്തുന്നവരിൽ നിന്ന് കടിശ്ശിക വസ്തു നികുതിയോടൊപ്പം ഈടാക്കുന്നുണ്ട്. ഹരിത കർമ്മ സേന പ്രവർത്തകരിൽ 4 അംഗങ്ങൾക്ക് മാത്രമാണ് 10,000/– രൂപ വേതനം ലഭിക്കുന്നത്. ഹരിതകർമ്മ സേന അംഗങ്ങളുമായി പഞ്ചായത്ത് കരാറിൽ ഏർപ്പെട്ടിട്ടില്ല. ലഭിക്കുന്ന തുകയുടെ വിവരങ്ങൾ വി.ഇ.ഒ. പരിശോധിച്ച് സാക്ഷ്യപ്പെടുത്തുന്നുണ്ട്.

26.05.2023ലെ സ.ഉ(സാ.ധാ)1109/23/LSGD ഉത്തരവ് പ്രകാരം ഹരിത ഓഡിറ്റ് നടത്തുന്നുണ്ട്. ഹരിത ഓഡിറ്റുമായി ബന്ധപ്പെട്ട് എൻടി മീറ്റിംഗ് നടത്തുകയും പഞ്ചായത്തിലെ വ്യാപാരി വ്യവസായികളെ ഉൾപ്പെടുത്തി ഫോക്കസ് മീറ്റിംഗും നടത്തിയിട്ടുണ്ട്.

മിനി എം.സി.എഫുകളിൽ ശേഖരിക്കുന്ന മാലിന്യങ്ങൾ എം.സി.എഫിൽ എത്തിക്കുന്നതിന് ഇലക്ട്രിക് പിക്കപ്പ് വാങ്ങിയിട്ടുണ്ട്. ഹരിത കർമ്മ സേന അംഗങ്ങൾക്ക് ആർക്കും തന്നെ ഡ്രൈവിംഗ് ലൈസൻസ് ഇല്ല.

ഹരിത കർമ്മ സേന പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട തൻവർഷം നടപ്പിലാക്കിയ പദ്ധതികൾ

1)	ഹരിത കർമ്മ സേന സഹായ സ്ഥാപനത്തിന് തുക നൽകൽ (പ്രോ.നം. 175/24)	ത്ര.90,000/–
2)	ഹരിത കർമ്മ സേന സഹായ സ്ഥാപനത്തിന് തുക നൽകൽ (പ്രോ.നം. 77/24)	ത്ര.2,53,298/–
3)	സ്മാർട്ട് ഗാർബേജ് മോണിറ്ററിംഗ് സിസ്റ്റം (പ്രോ.നം. 116/24)	ത്ര.2,04,900/–

പഞ്ചായത്തിലെ ഹരിതകർമ്മ സേന പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട 19.11.2024 തീയതിയിൽ നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പിന് (നം. 2/2023–24) ലഭിച്ച മറുപടിയിലെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

1)	പഞ്ചായത്തിലെ ജനസംഖ്യ	18843
2)	വാസഗൃഹങ്ങളുടെ എണ്ണം	6732
3)	സ്ഥാപനങ്ങളുടെ എണ്ണം	1866
4)	പൊതു ചന്തകളുടെ എണ്ണം	2
5)	ആഡിറ്റോറിയങ്ങളുടെ എണ്ണം	2
6)	വാർഡുകളുടെ എണ്ണം	14
7)	ഹരിത കർമ്മ സേനാംഗങ്ങളുടെ എണ്ണം	28
8)	പാഴ്വസ്തുക്കൾ എടുക്കാൻ കരാറിൽ ഏർപ്പെട്ട സ്ഥാപനം	സി.കെ.സി
9)	ഓഡിറ്റ് വർഷം ശേഖരിച്ച മാലിന്യങ്ങളുടെ അളവ്	8483.78
10)	കരാർ സ്ഥാപനത്തിന് തരം തിരിച്ച് നൽകിയ മാലിന്യത്തിന്റെ അളവ്	3938
11)	തരം തിരിക്കാത്ത മാലിന്യത്തിന്റെ അളവ്	4542.78

12)	അടുത്ത വർഷം ലഭിച്ച യൂസർ ഫീ	രൂ.2289015/-
13)	ഹരിത ചട്ടലംഘനങ്ങൾക്ക് പിഴയായി ഈടാക്കിയ തുക	ഇല്ല
14)	മാലിന്യം, പാഴ്വസ്തുക്കൾ വിറ്റുകിട്ടിയ തുക	രൂ.18574/-
15)	ഗ്യാപ്പ് ഫണ്ട് ഇനത്തിൽ ചെലവഴിച്ച തുക	ഇല്ല
16)	ലെഗസി മാലിന്യം ഏറ്റെടുത്ത വകയിൽ നൽകിയ തുക	രൂ.14700/-
17)	സരിത സഹായ സ്ഥാപനം	നിയോ ഏജൻസി
18)	സഹായ സ്ഥാപനത്തിന് നൽകിയ തുക	രൂ.115328/-
19)	ഹരിത കർമ്മ സേനയ്ക്ക് അടിസ്ഥാന സൗകര്യം ഏർപ്പെടുത്തുന്നതിനായി ചെലവഴിച്ച തുക	രൂ.548198/-
20)	മിനി എംസിഎഫ്, എം.സി.എഫ്, ആർ.ആർ.എഫ് എന്നിവയുടെ എണ്ണം	MCF - 1 Mini MCF - 14 RRF - ഇല്ല

ഹരിത കർമ്മ സേന പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുന്നതിനുള്ള നിർദ്ദേശങ്ങൾ

ഹരിത കർമ്മ സേന അംഗങ്ങളുടെ വരുമാനം വർദ്ധിപ്പിക്കുന്നതിനായി പഞ്ചായത്തിലെ എല്ലാ കുടുംബങ്ങളുടെയും സഹകരണം ഉറപ്പാക്കുന്നതിന് ആവശ്യമായ നടപടി പഞ്ചായത്ത് അധികാരികൾ കൈക്കൊള്ളേണ്ടതാണ്. നിലവിൽ പ്ലാസ്റ്റിക് മാലിന്യം സൂക്ഷിക്കുന്ന എം.സി.എഫിൽ ആവശ്യമായ യന്ത്രങ്ങൾ സ്ഥാപിക്കുന്നതിനുള്ള പദ്ധതികൾ ആവിഷ്കരിക്കുകയും മാലിന്യ നിർമ്മാർജന പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുന്നതിനുള്ള അവബോധം ജനങ്ങളിൽ ഉളവാക്കുന്നതിനുള്ള ബോധവൽക്കരണ പരിപാടികൾ ആവിഷ്കരിച്ച് നടപ്പിലാക്കുകയും ചെയ്യേണ്ടതാണ്.

എം.സി.എഫ്





1-26 ഹോമിയോ ആശുപത്രിക്ക് മരുന്നുവാങ്ങൽ പദ്ധതി – 1,78,096/- രൂപയുടെ മരുന്ന് ലഭ്യമായിട്ടില്ല – തുക തടസ്സപ്പെടുത്തുന്നു

പ്രോജക്ട് നം.	SO 194/2023-24
പ്രോജക്ടിന്റെ പേര്	ഹോമിയോ ആശുപത്രിക്ക് മരുന്ന് വാങ്ങൽ
അടങ്കൽ തുക	3,00,000/- രൂപ
ചെലവ് തുക	3,00,000/- രൂപ
നിർവഹണം	ഹോമിയോ മെഡിക്കൽ ഓഫീസർ
ഫണ്ടിനം	മെയിന്റനൻസ് ഗ്രാന്റ് - നോൺ റോഡ്
ബിൽ നം./തീയതി	263/30.11.2023

ഹോമിയോ ആശുപത്രിക്ക് മരുന്ന് വാങ്ങൽ പദ്ധതി പ്രകാരം 3,00,000/- രൂപ കേരള സ്റ്റേറ്റ് ഹോമിയോപതിക് കോ-ഓപ്പറേറ്റീവ് ഫാർമസി ലിമിറ്റഡിൽ ഒടുക്കിയിട്ടുണ്ട്. എന്നാൽ നാളിതുവരെ 1,21,904/- രൂപയുടെ മരുന്ന മാത്രമാണ് ലഭിച്ചിട്ടുള്ളത് (രസീത് നം. 8395/ തീ.03.01.2024). ഈ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻകയറിക്ക് (നം. 11/2023-24, തീ.25.11.24) ലഭ്യമാക്കിയ മറുപടിയിൽ ബാക്കി തുകയ്ക്കുള്ള മരുന്ന് ലഭ്യമാക്കുന്നതിന് ഹോംകോയുമായി ഇ-മെയിൽ മുഖാന്തിരവും ഫോൺ മുഖേനയും ബന്ധപ്പെട്ടിട്ടുണ്ടെന്നും മരുന്ന് ഉടനടി ലഭ്യമാക്കുന്നതാണെന്ന് ഹോംകോ അറിയിച്ചിട്ടുണ്ടെന്നും വ്യക്തമാക്കിയിട്ടുണ്ട്. ലഭിക്കാൻ അവശേഷിക്കുന്ന മരുന്നിന്റെ വിലയായ 1,78,096/-രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. മരുന്ന് ലഭ്യമാക്കിയതിന്റെ വിവരം ഓഡിറ്റിനെ അറിയിച്ച് ഓഡിറ്റ് തടസ്സം ഒഴിവാക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

ഭാഗം -2

വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

ഭാഗം –3
ചെലവ്–വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

ഭാഗം –4
പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

4–1 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച തുകയുടെ വിവരങ്ങൾ

വിഹിതം നൽകിയ സ്ഥാപനം	മുന്നിരിപ്പ് (രൂ.)	തൻ വർഷം ലഭിച്ച തുക(രൂ.)	പ്രോജക്ടിന്റെ പേര്	ചെലവഴിച്ച തുക (രൂ.)	നീക്കിയിരിപ്പ് (രൂ.)
ബ്ലോക്ക് പഞ്ചായത്ത്	1970746	1369612	181/24 ലൈഫ് ഭവന നിർമ്മാണം പട്ടികവർഗ്ഗ ഡിപ്പാർട്ട്മെന്റിൽ നിന്നും ലഭിച്ച അഡീഷണൽ ലിസ്റ്റ്	1369612	1970746
		300000	182/24 ലൈഫ് ഭവന നിർമ്മാണം രണ്ടാംഘട്ടം പട്ടികവർഗ്ഗം	300000	
		12032	108/24 ലൈഫ് ഭവന നിർമ്മാണം പട്ടികജാതി	12032	
		1000000	80/24 ലൈഫ് ഭവന നിർമ്മാണം ജനറൽ	1000000	
		356250	24/24 സ്നേഹസ്പർശം മാനസിക വെല്ലുവിളി നേരിടുന്നവർക്കുള്ള സ്കോളർഷിപ്പ്	356250	
		100000	73/24 ക്ഷീരസമൃദ്ധി	100000	
ആകെ	1970746	3137894		3137894	1970746
ജില്ലാ പഞ്ചായത്ത്	257617	1530000	181/24 ലൈഫ് ഭവന നിർമ്മാണം പട്ടികവർഗ്ഗ ഡിപ്പാർട്ട്മെന്റിൽ നിന്നും ലഭിച്ച അഡീഷണൽ ലിസ്റ്റ്	1530000	257617
		90000	171/24 ന്യൂലൈഫ് മുണ്ടണി ലക്ഷം വീട് പുനരുദ്ധാരണം	90000	
		850000	80/24 ലൈഫ് ഭവന നിർമ്മാണം - ജനറൽ	850000	
		356250	24/24 സ്നേഹസ്പർശം മാനസിക വെല്ലുവിളി നേരിടുന്നവർക്കുള്ള സ്കോളർഷിപ്പ്	356250	
		38325	73/24 ക്ഷീരസമൃദ്ധി	38325	
ആകെ	257617	2864575		2864575	257617

4–2 ഡെപ്പോസിറ്റ് പ്രവൃത്തികൾക്ക് നല്കിയ തുകയുടെ വിവരങ്ങൾ

നിർവഹണ ഏജൻസി	മുൻ ബാക്കി (രൂ.)	2023–24	ആകെ തുക (രൂ.)	വിനിയോഗ സാക്ഷ്യപത്രം ലഭിച്ചത് + തിരികെ ലഭിച്ചത്	ബാക്കി തുക (രൂ.)
കേരള വാട്ടർ അതോറിറ്റി	1629072	–	1629072	–	1629072
കേരള ഇലക്ട്രിസിറ്റി ബോർഡ്	1258909	–	1258909	–	1258909
ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ട്മെന്റ്	390473	–	390473	–	390473
പബ്ലിക്ക് വർക്ക്സ് ഡിപ്പാർട്ട്മെന്റ്	1003000	–	1003000	–	1003000

4–3 മൊബിലൈസേഷൻ അഡ്വാൻസ്

- ഇല്ല -

4–4 വായ്പ/വായ്പ തിരിച്ചടവ് വിവരങ്ങൾ

വായ്പ വിവരം	ഉത്തരവ് നമ്പർ/ തീയതി	വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക (രൂ.)	തൻവർഷം ലഭിച്ച തുക (രൂ.)	ആകെ (രൂ.)	തൻവർഷം അടച്ച തുക (രൂ.)	തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക (രൂ.)

KURDFC	സ.ഉ.(കൈ)68/2018/ ത.സ്വ.ഭ.വ, തീ.18.05.2018	28626118	17200000	45826118	4845881	40980237

4-5 സ്ഥിര നിക്ഷേപങ്ങളുടെ വിവരം

- ഇല്ല -

4-6 ഓഡിറ്റ് റിക്കവറി വിവരങ്ങൾ

- ഇല്ല -

4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിശദാംശം

- ഇല്ല -

4-8 ചാർജ്/സർചാർജ് നടപടികളുടെ വിവരം

- ഇല്ല -

4-9 ഓഡിറ്റ് പ്രത്യവലോകനം

എ) സംക്ഷിപ്ത വിവരം

മുന്നിരിപ്പ്	രൂ.18030441
ഓഡിറ്റ് വർഷത്തെ ആകെ വരവ്	രൂ.52344615
ആകെ	രൂ.70375056
ഓഡിറ്റ് വർഷത്തെ ആകെ ചെലവ്	രൂ.53814092
നീക്കിയിരിപ്പ്	രൂ.16560964
വരവിനങ്ങളിലെ നഷ്ടം	ഇല്ല
ചെലവിനങ്ങളിലെ നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക	ഇല്ല
ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക	രൂ.378096

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

- ഇല്ല -

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

ഖണ്ഡിക നമ്പർ	തുക (രൂ.)	ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും
1-21	2,00,000/-	ശ്രീ. വിനി ജോസഫ്, വി.ഇ.ഒ, കൂറ്റിച്ചൽ സർക്കിൾ
1-26	1,78,096/-	ഡോ. മനോജ്, മെഡിക്കൽ ഓഫീസർ, ഹോമിയോ
ആകെ	3,78,096/-	

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റ് സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

- ഇല്ല -

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

- ഇല്ല -

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന്/തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

പേരും ഉദ്യോഗപ്പേരും	ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം	സ്ഥിരം മേൽവിലാസം
ഡോ. മനോജ് മെഡിക്കൽ ഓഫീസർ ഹോമിയോ	മെഡിക്കൽ ഓഫീസർ ഗവ.ഹോമിയോ ഡിസ്പൻസറി കൂറ്റിച്ചൽ	ഗൗരീശ മന്ദിരം, ഇലഞ്ഞിമൂട് ലൈൻ, മെഡിക്കൽ കോളേജ്, തിരുവനന്തപുരം
ശ്രീ. വിനി ജോസഫ് വി.ഇ.ഒ.	വി.ഇ.ഒ. കൂറ്റിച്ചൽ സർക്കിൾ	സിനിഭവൻ, കണ്ണന്നൂർ, കുടപ്പനമൂട്.പി.ഒ, അമ്പൂരി-695505

4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

ക്രമ നം.	ഓഡിറ്റ് വർഷം	ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം	തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം
1	2004-05	കെ.എസ്.എ.റ്റി.വി.എം/ജി.പി.9/502/2022 തീയതി 17/10/2022	1
2	2006-07	കെ.എസ്.എ.റ്റി.വി.എം/ജി.പി.9/502/2022 തീയതി 17/10/2022	1
3	2007-08	കെ.എസ്.എ.റ്റി.വി.എം/ജി.പി.9/502/2022 തീയതി 17/10/2022	2
4	2008-09	കെ.എസ്.എ.റ്റി.വി.എം/ജി.പി.9/502/2022 തീയതി 17/10/2022	3
5	2009-10	കെ.എസ്.എ.റ്റി.വി.എം/ജി.പി.9/502/2022 തീയതി 17/10/2022	2
6	2010-11	കെ.എസ്.എ.റ്റി.വി.എം/ജി.പി.9/502/2022 തീയതി 17/10/2022	3

7	2012–13	കെ.എസ്.എ.റ്റി.വി.എം/ജി.പി.9/502/2022 തീയതി 17/10/2022	5
8	2013–14	കെ.എസ്.എ.റ്റി.വി.എം/ജി.പി.9/502/2022 തീയതി 17/10/2022	1
9	2014–15	കെ.എസ്.എ.റ്റി.വി.എം/ജി.പി.9/502/2022 തീയതി 17/10/2022	4
10	2015–16	കെ.എസ്.എ.റ്റി.വി.എം/ജി.പി.9/502/2022 തീയതി 17/10/2022	7
11	2016–17	കെ.എസ്.എ.റ്റി.വി.എം/ജി.പി.9/502/2022 തീയതി 17/10/2022	6
12	2017–18	കെ.എസ്.എ.റ്റി.വി.എം/ജി.പി.9/39/2018 തീയതി 27/03/2019	25
13	2018–19	കെ.എസ്.എ.റ്റി.വി.എം/ജി.പി.5/629/2020 തീയതി 23/01/2021	16
14	2019–20	കെ.എസ്.എ.റ്റി.വി.എം/ജി.പി.5/1131/2022 തീയതി 10/08/2022	28
15	2020–21	കെ.എസ്.എ.റ്റി.വി.എം/ജി.പി.9/742/2022 തീയതി 12/04/2024	18
16	2021–22	കെ.എസ്.എ.റ്റി.വി.എം/ജി.പി.9/38/2023 തീയതി 23/03/2024	27
17	2022–23	കെ.എസ്.എ.റ്റി.വി.എം/ജി.പി.9/1544/2023 തീയതി 14/02/2024	45

ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
തിരുവനന്തപുരം

Annexure-1
Audit Certificate

i. I have audited the attached Financial statements approved vide resolution number 2(1) dated 2(1) dated 19-06-2024 and submitted on 22-06-2024 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2024 and Balance sheet as on 31-03-2024 , with supporting forms, of the Kuttichal Grama Panchayat as per section 215(4) of Kerala Panchayath Raj act 1994, Kerala Panchayath Raj Accounts rules 2011, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State /Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the PRI's management. My responsibility is to express an opinion on these accounts based on my Financial Audit.

ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of PRIs issued by C&AG. These standards/guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.

iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,

I certify that, subject to my observations in the appended report, except for the matters described in the basis for qualified opinion in the appended report and subject to other observations therein, the Annual Financial Statements give a true and fair view of financial result for the year 2023-2024 and Financial position of Kuttichal Grama Panchayat as on 31-03-2024

Date: 19/12/2024 **Deputy Director**

Kerala State Audit Department

Audit Report appended to the Audit Certificate of Kuttichal Grama Panchayat for the Year 2023-2024.

1.Major Observations

Nil

2.Other Observations

1) The Notes on Accounts under Rule 62-2 (e) and Annual Ratio under Rule 62-2 (f) of the Kerala Panchayat Raj Accounts Rules, 2011 are not submitted along with the Annual Financial Statement.

2) The valuation of stock and stores is not done at the end of the financial year and also not included in B-14 Stock in hand (inventories) schedule.

3) Lapses were noticed in making timely and accurate demand entries of tax revenues on accrual basis.

4) As per Income and Expenditure statement there is an excess of expenditure over income amounting to Rs. 60,48,153/-.

5) Schedule B-1 has not been made available along with the annual accounts.

6) Provisions are not made in the Balance Sheet B-9 schedule for various outstanding expenses such as honorarium of elected representatives, fuel expenses which are not met within the financial year 2023-24.

7) The demand, collection and balance amounts of property tax on residential building and non-residential shown in the Sanchaya software and annual financial statement do not match with each other.

8) Credit balances are seen recorded in different bank books for different periods.

9) Amount of Accumulated Depreciation of Other Fixed assets under B-11(a) schedule exceeds value of Other Fixed Assets under

B–11 Schedule

10) There is a mismatch between the register and the annual financial statements of MGNREGS regarding administrative expenditure and direct expenditure to beneficiaries. Also, the Holding account of MGNREGS (Closing balance 0) is not been included in Annual Financial Statement.

11) The part bills for Project no. 132/24, 142/24, 130/24, 99/24 amounting to Rs. 1,41,431/–, Rs. 17,886/–, Rs. 5,52,827/–, & Rs. 20,50,302/– are not included as Capital Work in Progress in Balance Sheet.

12) The closing balance under the head Grants, Funds & Contributions For Specific Purposes – Vathilpadi sevanam in B4 statement of balance sheet (Rs. 8172/–) does not match with B17 statement showing balance in bank (Rs. 6786/–).

അനുബന്ധം-2

ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

തിരുവനന്തപുരം ജില്ലയിലെ കുറ്റിച്ചൽ ഗ്രാമപഞ്ചായത്തിന്റെ 2023-2024 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, തിരുവനന്തപുരം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്